പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 511

16.7.2009-ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡിന്റെ (റിയാബ്) പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.സാജു പോൾ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡിന്റെ (റിയാബ്) പ്രവർത്തനം വിശദീകരിക്കുമോ; | (എ) പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (RIAB) നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസം തോറുമുള്ള പ്രവർത്തന അവലോകനം.<br>2. സ്ഥാപനങ്ങളുടെ കണക്കുകൾ, അതിന്മേലുള്ള ആഡിറ്റുകൾ എന്നിവ പൂർത്തിയാക്കുന്നതിലുള്ള പുരോഗതി വിലയിരുത്തുക.<br>3. സ്ഥാപനങ്ങൾ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രൊപ്പോസലുകളിന്മേൽ ആവശ്യമായ പരിശോധന നടത്തി സർക്കാരിന് ശുപാർശ നൽകുക.<br>4. സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും നൽകുന്ന ധനസഹായം ജോയിൻറ് അക്കൗണ്ട് സംവിധാനം മുഖേന |

നൽകുകയും അതിന്റെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുകയും ചെയ്യുക.

5. സ്ഥാപനങ്ങളിൽ സർക്കാരിന്റെ നിർദ്ദേശാനുസരണം **Performance Audits** നടത്തുക.

6. സർക്കാരിന്റെ നിർദ്ദേശാനുസരണം സ്ഥാപനങ്ങളിൽ ആവശ്യമായ പഠനം നടത്തുക, പുനരുദ്ധാരണത്തിനും, ആധുനികവത്ക്കരണത്തിനുമുള്ള പദ്ധതികൾ ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ സഹായത്തോടെ കമ്പനികൾക്കായി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക.

7. സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണ സംവിധാനം മെച്ചപ്പെടുത്തുക, മാനുഷിക വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

8. സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഷികാവലോകന മീറ്റിംഗുകൾ സംഘടിപ്പിക്കുക, ഏറ്റവും നല്ല സ്ഥാപനം, ചീഫ് എക്സിക്യൂട്ടീവ് എന്നീ അവാർഡുകൾ നൽകുന്നതിനുള്ള ചടങ്ങുകൾ സംഘടിപ്പിക്കുക.

| | |
|---|---|
| (ബി) 'റിയാബ്'ന്റെ പ്രവർത്തനം മൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) ഉണ്ട്; |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരിക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് 'റിയാബ്' മുഖേന പരിശീലനം നൽകുന്നുണ്ടോ; | (ഡി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB മുഖേന നടപ്പിലാക്കിവരുന്നു. |
| (ഇ) കമ്പനികളുടെ നവീകരണം, വൈവിധ്യവൽക്കരണം, ടെക്നോളജി അപ്ഗ്രഡേഷൻ എന്നിവയ്ക്കായി 'റിയാബ്' പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | (ഇ) സ്ഥാപനങ്ങളുടെ മാനേജ്മെന്റുകൾ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കുന്ന നവീകരണം, വൈവിദ്ധ്യവത്ക്കരണം, നൂതന സാങ്കേതികവിദ്യകൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികളിന്മേൽ ആവശ്യമായ പരിശോധന നടത്തുകയും, അവ നടപ്പിലാക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള ശുപാർശകൾ വ്യവസായ വകുപ്പിന്റെയും, ധനകാര്യവകുപ്പിന്റെയും പരിഗണനയ്ക്കായി സമർപ്പിക്കുകയുമാണ് RIAB നിർവ്വഹിക്കുന്നത്. ഈ പദ്ധതികളിന്മേൽ തിരുത്തലുകൾ ആവശ്യമായ പക്ഷം കമ്പനി മാനേജ്മെന്റുമായും, വിദഗ്ദ്ധരുമായും ചർച്ചനടത്തി സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള road map തയ്യാറാക്കുന്നതിനുള്ള സഹായവും RIAB നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 512 16.7.2009 -ൽ മറുപടിയ്ക്ക്

**പെർമനന്റ് ലോക് അദാലത്ത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു :<br>ശ്രീ. എം. എം. മോനായി :<br>ശ്രീ. പി.ടി. എ. റഹീം | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) പെർമനന്റ് ലോക് അദാലത്ത് സംവിധാനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ; | 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റിലെ 22 ബി വകുപ്പ് പ്രകാരം പൊതുജനോപകാരപ്രദമായ സേവന രംഗങ്ങളിലെ നീതിനിഷേധങ്ങൾക്കും മറ്റ് തർക്കങ്ങൾക്കും വേഗത്തിൽ പരിഹാരം കാണുന്നതിനുള്ള ഒരു സംവിധാനം എന്ന നിലയിലാണ് പെർമനന്റ് ലോക് അദാലത്ത് സ്ഥാപിതമായത്. ഉഭയകക്ഷി സമ്മതപ്രകാരം തർക്കങ്ങളിൽ തീർപ്പുണ്ടാക്കാൻ ശ്രമിക്കുകയും രമ്യമായ പരിഹാരത്തിൽ എത്തുവാൻ സാധിക്കാത്ത പക്ഷം മെറിറ്റടിസ്ഥാനത്തിൽ തീർപ്പു കൽപ്പിക്കുകയുമാണ് പെർമനന്റ് ലോക് അദാലത്ത് ചെയ്യുന്നത്. പെർമനന്റ് ലോക് അദാലത്തിന്റെ അവാർഡുകൾ അന്തിമവും സിവിൽ കോടതിവിധികൾ എന്നപോലെ നടപ്പിലാക്കാവുന്നവയുമാണ്.<br>ചെർയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ അടങ്ങുന്നതാണ് പെർമനന്റ് ലോക് അദാലത്തിന്റെ ഘടന. സർവ്വീസിലുള്ളതോ |

| | |
|---|---|
| | വിരമിച്ചതോ ആയ ജില്ലാ ജഡ്ജി ചെയർമാനും പബ്ളിക്യൂട്ടിലിറ്റി സർവ്വീസ് മേഖലയിൽ പ്രാവീണ്യം ഉള്ള സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്ത 2 അംഗങ്ങളും ഉൾപ്പെടുന്നതാണ് ഈ അധികാര സമിതി. |
| (ബി) ഏതെല്ലാം സംഗതികളെ സംബന്ധിച്ച കേസ്സുകളാണ് ലോക് അദാലത്തിന്റെ പരിഗണനയ്ക്ക് വരുന്നത് ; | 1. യാത്ര /ചരക്ക് ഗതാഗതം (വായു,കര, ജലമാർഗ്ഗങ്ങൾ) ;<br>2.തപാൽ/ടെലിഗ്രാഫ്/ടെലിഫോൺ സേവന മേഖല ;<br>3. ഊർജ്ജം, വെളിച്ചം, ജലം മുതലായവയുടെ വിതരണം ;<br>4. പൊതുമുതൽ സംരക്ഷിക്കുന്നതിനും ശുചിത്വത്തിനും ഉള്ള സേവനം ;<br>5.ആശുപത്രികളിലോ ഡിസ്പെൻസറികളി - ലോ ഉള്ള സേവനം ;<br>6. ഇൻഷുറൻസ് സർവ്വീസ് ;<br>എന്നീ സംഗതികളെ സംബന്ധിച്ച കേസുകളാണ് ലോക് അദാലത്തിന്റെ പരിഗണനയ്ക്ക് വരുന്നത്. |
| (സി) കഴിഞ്ഞ വർഷം ഏതെല്ലാം സംഗതികളെ സംബന്ധിച്ച എത്ര കേസ്സുകൾ ലോക് അദാലത്തിന്റെ പരിഗണനയ്ക്ക് വന്നു ; എത്ര കേസ്സുകൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ; | 2008-ൽ പെർമനന്റ് ലോക് അദാലത്തിന്റെ പരിഗണനയ്ക്ക് വന്നതും മുൻവർഷങ്ങളിലേതുൾപ്പെടെ 2008-ൽ പരിഹാരം കണ്ടതുമായ കേസുകളുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സുനാമി ബാധിതരായവരിൽ നിന്നും 8 പരാതികൾ ഫയലിൽ സ്വീകരിക്കുകയും ടി കേസുകളിന്മേൽ 2009-ൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) എറണാകുളത്തും കോഴിക്കോട്ടും പെർമനന്റ് ലോക് അദാലത്തുകൾ ആരംഭിക്കാനുള്ള തീരുമാന പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | പ്രസ്തുത വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ഗതാഗതം | തപാൽ/ ടെലി ഗ്രാഫ് / ടെലി ഫോൺ | ഊർജ്ജം/ വെളിച്ചം/ ജലം | പൊതു മുതൽ സംരക്ഷണം / ശുചിത്വം | ആശുപത്രി/ ഡിസ്പെൻസറി | ഇൻഷ്വറൻസ് സർവ്വീസ് | ആകെ |
|---|---|---|---|---|---|---|---|
| 2008 -ൽ പുതിയതായി പരിഗണനയ്ക്കു വന്ന കേസുകളുടെ എണ്ണം | 22 | 4 | 29 | 1 | 2 | 911 | 969 |
| മുൻവർഷങ്ങളി-ലേതുൾപ്പെടെ 2008 -ൽ തീർപ്പുകൽപ്പിച്ച കേസുകളുടെ എണ്ണം | 16 | 7 | 24 | 1 | 3 | 891 | 942 |

K S[signature]

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 513 — 16-07-2009 ൽ മറുപടിക്ക്

## ജനനി സുരക്ഷാ യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. രാജൻ :<br>ശ്രീമതി. ഇ. എസ്. ബിജി മോൾ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. കെ. അജിത് : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ജനനി സുരക്ഷാ യോജന സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ് ; ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര സ്ത്രീകൾക്ക് സഹായം നൽകി ; | എ) ജനനി സുരക്ഷാ യോജന 2005 മുതലാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം 2009 മെയ് മാസം വരെ 4,06,946 സ്ത്രീകൾക്ക് സഹായം നൽകിയിട്ടുണ്ട്. |
| ബി) ഇപ്പോൾ ഈ പദ്ധതി പ്രകാരം നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; | ബി) ജനനി സുരക്ഷാ യോജന പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി / പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>▪ ഗ്രാമീണ മേഖലയിൽ നിന്നും വരുന്ന സ്ത്രീകൾക്ക് 700 രൂപയും യാത്രാ ചെലവിനായി 300 രൂപയും<br>▪ നഗര, കോർപ്പറേഷൻ മേഖലയിലുള്ള സ്ത്രീകൾക്ക് 600 രൂപ<br>▪ വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപ |
| സി) ചില സാങ്കേതിക കാരണങ്ങളാൽ ഈ സഹായം അർഹരായവർക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുമോ ? | സി) ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ കൂടുതൽ പേർക്ക് ആനുകൂല്യം ലഭ്യമായി വരുന്നു. പുതിയ മാനദണ്ഡപ്രകാരം പ്രസവാനുകൂല്യം ആശുപത്രിയിൽ വച്ചുതന്നെ നൽകുന്നതുകൊണ്ട് കാലതാമസവും ഉണ്ടാകുന്നില്ല. എന്നാൽ ജില്ല മാറി നടക്കുന്ന പ്രസവങ്ങൾക്ക് അപൂർവ്വമായി ചില സാങ്കേതിക തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 514. 16-07-2009-ൽ മറുപടിയ്ക്ക്

ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം, നീന്തൽ കുളം എന്നിവയ്ക്കായി ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കുന്നതിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ; | ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം, നീന്തൽ കുളം എന്നിവയ്ക്കായി ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം 5,72,41,000/- രൂപയുടെ പ്രവർത്തികൾ അനുവദിക്കുകയും 1,48,91,000/- രൂപ വിതരണം ചെയ്യുകയുമുണ്ടായി. ബാക്കി തുക നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതനുസരിച്ച് വിതരണം ചെയ്യുന്നതാണ്. കൂടാതെ കായിക യുവജനകാര്യാലയം മുഖേന മേൽ പദ്ധതിയ്ക്കായി 43 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 3 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ബി) | (ബി) |
| വിവിധ പഞ്ചായത്തുകൾക്കും സ്ക്കൂളുകൾക്കുമായി എത്ര കോടി രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ ; | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വഴി 1,48,91,000/- രൂപയും കായിക യുവജനകാര്യാലയം വഴി 3 കോടിയും ചേർത്ത് ആകെ 4,48,91,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) | (സി) |
| സ്പോർട്ട്സ് കൗൺസിൽ ഈ അവശ്യത്തിനായി എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | 5,72,41,000/- രൂപ. |
| (ഡി) | (ഡി) |
| കേന്ദ്ര സർക്കാരിന്റെ "ഖേൽ അഭിയാൻ" പദ്ധതിയിൽ നിന്നും എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | 79,92,500/- രൂപ. |
| (ഇ) പദ്ധതി നടപ്പാക്കുന്നതിനായി ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ഇ) 29-06-2009-ൽ തിരുവനന്തപുരം മാണിക്കൽ ഗ്രാമപഞ്ചായത്തിൽ വെച്ച് പൈക്ക പദ്ധതിയുടെ സംസ്ഥാനതല സമ്മേളനം നടക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിലേയ്ക്ക് പ്രാരംഭ ഘട്ടമായി 100 ഗ്രാമപഞ്ചായത്തുകളെയും 15 ബ്ലോക്ക് പഞ്ചായത്തുകളെയും തെരഞ്ഞെടുക്കുകയും തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത 7 പഞ്ചായത്തുകൾക്കും 1 മുനിസിപ്പാലിറ്റിയ്ക്കുമുള്ള കളിസ്ഥലങ്ങളുടെ വികസനത്തിനുള്ള ധനസഹായം വിതരണം ചെയ്യുകയും ചെയ്തു. മറ്റുള്ള ജില്ലകളുടെ ധനസഹായം എത്രയും വേഗം വിതരണം ചെയ്യുന്നതാണ്. പൈക്ക പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്/ജില്ല/സംസ്ഥാന തല കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 515 | 16.07.2009 -ൽ മറുപടിയ്ക്ക് |
|---|---|
| ജെൻഡർ അഡൈ്വസറി ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ | |
| ചോദ്യം | ഉത്തരം |
| **ശ്രീ. വി. ശശികുമാർ<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>ശ്രീമതി.കെ.എസ്. സലീഖ<br>ശ്രീ.കെ.ടി. ജലീൽ<br>പ്രൊഫ. സി. രവീന്ദ്രനാഥ്** | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാന ജെൻഡർ അഡൈ്വസറി ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) ജെൻഡർ അഡൈ്വസറി ബോർഡിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു.<br><br>1. വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കി വരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.<br>2. സ്ത്രീകൾക്ക് പ്രത്യേകം ഗുണം നൽകുന്നതും വേർതിരിച്ച് വകയിരുത്താവുന്നതുമായ സ്കീമുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും വിവിധ വകുപ്പുകളുടെ സംസ്ഥാന പദ്ധതികളിലും ഉൾപ്പെടുത്തുക. ഇതിനായി വാർഷിക പദ്ധതിയുടെ 10% എങ്കിലും തുക വകയിരുത്തുമെന്ന് ഉറപ്പ് വരുത്തുക.<br>3. ജെൻഡർ ഓഡിറ്റിംഗ് നടത്തുക.<br>4. സ്ത്രീശാക്തീകരണവും വനിതാ വികസനവും ലക്ഷ്യം വച്ചുകൊണ്ട് വിവിധ സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികളും പ്രവർത്തനവും വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഏകോപനം ഉണ്ടാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.<br>5. മറ്റു നിർദ്ദേശിക്കപ്പെട്ട ചുമതലകൾ കൈകാര്യം ചെയ്യുക. |

| | | |
|---|---|---|
| (ബി) | ബോർഡിന്റെ ഘടന എങ്ങനെയാണ്; | (ബി) സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ചെയർപേഴ്സണായും അഡൈ്വസർ (ജെൻഡർ) കൺവീനറായുമുള്ള 22 അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ജെൻഡർ അഡൈ്വസറി ബോർഡ്. വിശദവിവരം അനുബന്ധം - 1 ആയി ചേർക്കുന്നു . |
| (സി) | ബോർഡ് രൂപീകരിച്ചത് എന്നാണ്; ഇതിനകം എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; | (സി) 01.11.2008-ലെ സ.ഉ.(എം.എസ്) നം. 62/ 2008/സാക്ഷേവ പ്രകാരമാണ് ജെൻഡർ അഡൈ്വസറി ബോർഡ് രൂപീകരിച്ചത്. ജെൻഡർ അഡൈ്വസറി ബോർഡ് 28.11.2008, 21.04.2009 എന്നീ തീയതികളിൽ 2 യോഗം ചേർന്നിട്ടുണ്ട്. |
| (ഡി) | സ്ത്രീകൾക്കായി ആവിഷ്കരിച്ച പദ്ധതികൾ അവർക്ക് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് കമ്മീഷൻ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) ഉണ്ട്. കേരള സർക്കാർ വിവിധ വകുപ്പുകളിലായി സ്ത്രീകൾക്കായി ആവിഷ്കരിച്ചു വരുന്ന പദ്ധതികൾ പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് അറിയുന്നതിനുവേണ്ടി ജെൻഡർ അഡൈ്വസറി ബോർഡിന്റെ നേതൃത്വത്തിൽ ഒരു വിലയിരുത്തൽ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സ്ത്രീ പരിഗണന പദ്ധതികൾക്കായി വിവിധ വകുപ്പുകൾ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമായി കണ്ടെത്തുവാൻ സാധിക്കുന്നില്ലായെന്നും സ്ത്രീ ശാക്തീകരണ - ത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 10% തുക നീക്കിവച്ചിട്ടുണ്ടെങ്കിലും ടി തുക എങ്ങനെ ഉപയോഗിക്കപ്പെട്ടു എന്നതിന് വ്യക്തമായ കണക്കുകൾ ഇല്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്. 11-ാം പദ്ധതിയിൽ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിയിട്ടുള്ള ഫിനിഷിംഗ് സ്കൂളുകൾക്കും ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന ആക്ടുമായി (PWDV Act) ബന്ധപ്പെട്ടവയ്ക്കും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ഓരോ വകുപ്പും തങ്ങളുടെ വകുപ്പിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നൽകേണ്ടതുണ്ടെന്നും വിലയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് കമ്മീഷൻ എന്തെല്ലാം ശുപാർശകളും നിർദ്ദേശങ്ങളുമാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ? | (ഇ) സ്ത്രീ ശാക്തീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനു മുന്നോടിയായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 7 വകുപ്പുകളിൽ ആവിഷ്കരിച്ചുപോരുന്ന സ്ത്രീകൾക്കായുള്ള പദ്ധതികളെ അടിസ്ഥാനമാക്കി ഒരു വിശകലന റിപ്പോർട്ട് ജെൻഡർ അഡ്വൈസറി ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 516 | 16.7.2009-ൽ മറുപടിക്ക്

## പാറമടയിലെ അത്യാഹിതങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി എം.എൽ.എ<br>ശ്രീ. വി.എൻ. വാസവൻ എം.എൽ.എ<br>ശ്രീ. കെ.സി. രാജഗോപാലൻ എം.എൽ.എ<br>ശ്രീ. എം.ജെ. ജേക്കബ് എം.എൽ.എ<br>ശ്രീമതി. ജെ. അരുന്ധതി എം.എൽ.എ | ശ്രീ. എളമരം കരീം<br>(ബഹു. വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാറമടകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) പാറമടകളിലെ സുരക്ഷ ഉറപ്പാക്കുന്നത് 1952-ലെ മൈൻസ് ആക്ടിന് വിധേയമായിട്ടാണ്. ആയത് കേന്ദ്ര സർക്കാരിന്റെ ലേബർ ആന്റ് എംപ്ളോയ്മെന്റ് മന്ത്രാലയത്തിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റിയുടെ പരിധിയിൽ വരുന്ന വിഷയമാണ്. 22.1.08-ലെ ജി.ഒ.(എം.എസ്) നം.12/08/ഐഡി സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഖനികളുടെയും ക്വാറികളുടെയും പ്രവർത്തനം, പ്രത്യേകിച്ച് സുരക്ഷ, പരിസ്ഥിതി പ്രശ്നങ്ങൾ, മിനറൽ സാൻഡിന്റെ ഉൽപാദനം, സംസ്ഥാന ഖജനാവിലേയ്ക്കുള്ള റവന്യൂ കളക്ഷൻ എന്നിവയെക്കുറിച്ച് പഠിക്കുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പാറമടകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലേക്ക് മടകൾക്ക് ചുറ്റും വേലികെട്ടി സംരക്ഷിക്കണമെന്ന നിർദ്ദേശം ക്വാറി ഉടമകൾക്ക് നൽകിയിട്ടുണ്ട്. ശാസ്ത്രീയമായി മാത്രമേ ക്വാറികൾ പ്രവർത്തിപ്പിക്കാവൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പാറമടകളിലെ ജലാശയങ്ങളിൽ കുട്ടികൾ മുങ്ങിമരിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഈ വർഷം എത്ര കുട്ടികൾ ഇത്തരത്തിൽ മരണമടഞ്ഞു; | (സി) | എട്ട് കുട്ടികൾ. |
| (ഡി) | പാറമടകളിൽ വേണ്ടത്ര സുരക്ഷ ഉറപ്പാക്കാത്ത കരിങ്കൽ ക്വാറി ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കാറുണ്ടോ; | (ഡി) | പാറമടകളുടെ സുരക്ഷ സംബന്ധിച്ച് നിയമനടപടികൾ സ്വീകരിക്കുക എന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ലേബർ ആന്റ് എംപ്ലോയ്മെന്റ് മന്ത്രാലയത്തിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻസ് സേഫ്റ്റിയുടെ പരിധിയിൽ വരുന്നതാണ്. ആകയാൽ സംസ്ഥാനത്തിന് സ്വന്തം നിലയിൽ നിയമ നിർമ്മാണം നടത്താൻ നിവൃത്തിയില്ല. |
| (ഇ) | പാറമടകളുടെ സുരക്ഷിതത്വത്തിനായി പ്രത്യേക നിയമ നിർമ്മാണം നടത്തുമോ? | (ഇ) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :517 — 16-7-2009 —ൽ മറുപടിക്ക്

## സിഡ്കോയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. എളമരം കരീം<br>(ബഹു: വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സിഡ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്തിന്നതിനായി സ്വീകരിച്ച നപടികൾ വിശദമാക്കുമോ? | (എ) സിഡ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രൊഡക്ഷൻ ഡിവിഷനിലെ യൂണിറ്റുകൾ നവീകരിക്കുന്നതിലേയ്ക്കായി പുതിയ മെഷീനുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനപ്രകാരം 5 മെഷീനുകൾ വാങ്ങുകയും ചെയ്തു. തടിയുല്പന്നങ്ങൾ മാത്രം ഉല്പാദിപ്പിച്ചു വന്ന പരുമല യൂണിറ്റിൽ സ്റ്റീൽഫർണിച്ചർ കൂടി നിർമ്മിക്കുവാനായി നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കി തടി, സ്റ്റീൽ എന്നീ ഫർണിച്ചറുകളുടെ ഓർഡറുകൾ സ്വീകരിച്ചു നിർമ്മിച്ചു വരുന്നു. സ്കൂളുകൾക്കുവേണ്ടിയുള്ള ലാബ് ഉപകരണങ്ങൾ നിർമ്മിക്കുവാനായി ഒരു പുതിയ യൂണിറ്റു തുടങ്ങുവാൻ തീരുമാനിച്ച് പരുമലയിൽ ഫാക്ടറി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മെഷീനുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സംയുക്ത സംരംഭത്തിൽ ഒരു ഹൈടെക് സെക്യൂരിറ്റി പ്രിൻറിംഗ് പ്രസ് തുടങ്ങുവാൻ തീരുമാനിച്ച് നടപടികളുമായി മുമ്പോട്ടു പോകുന്നു. തിരുവനന്തപുരത്ത് കേന്ദ്ര സർക്കാരിൻെറ ഗ്രാൻറ് പ്രയോജനപ്പെടുത്തി ഒരു ടൂൾ റൂം കം ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസൽ പരിശോധിച്ചു വരുന്നു.

(ബി) പുതുതായി ചെറുകിട വ്യവസായ പാർക്കുകൾ വികസിപ്പിച്ച് വ്യവസായ യൂണിറ്റുകൾക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) കോട്ടയം ജില്ലയിൽ തിരുവാർപ്പ്, കോഴിക്കോട് ജില്ലയിൽ മുടാടി, തൃശ്ശൂർ ജില്ലയിൽ അത്താണി, ചേലക്കര, പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ, എറണാകുളം ജില്ലയിൽ അങ്കമാലി, പത്തനംതിട്ട ജില്ലയിൽ കുന്നന്താനം എന്നീ ഏഴ് വ്യവസായ പാർക്കുകൾ സിഡ്കോ ഇതുവരെ സ്ഥാപിച്ചു കഴിഞ്ഞു. പുതിയതായി വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായാൽ വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(സി) നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ച് ഗാലകൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി)നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ച് ഗാലകൾ നിർമ്മിക്കാനുള്ള പദ്ധതിയാണ് സിഡ്കോ ആസൂത്രണം ചെയ്യുന്നത്. എറണാകുളം ജില്ലയിൽ വ്യവസായ വകുപ്പിൻെറ കീഴിലുള്ള 0.85 ഏക്കർ സ്ഥലത്ത് ഒരു ബഹുനില ഇൻഡസ്ട്രീയൽ ഗാല 12 കോടി 60 ലക്ഷം രൂപയ്ക്ക് 62000 ചതുരശ്ര അടി രണ്ട് ഘട്ടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിശോധിച്ചു വരുന്നു. 17.4 ചതുരശ്രമീറ്ററിലുള്ള 27 യൂണിറ്റുകളും 6.6 ചതുരശ്ര മീറ്ററിലുള്ള 2 യൂണിറ്റുകളും പ്രവർത്തിപ്പിക്കാനുള്ള സൗകര്യം ലഭ്യമാക്കുന്നതിനും രണ്ടു വർഷംകൊണ്ട് പദ്ധതി പൂർണ്ണമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിൽ അപ്രോച്ച് റോഡ്, ചുറ്റുമതിൽ / വേലി,

24 മണിക്കൂർ സെക്യൂരിറ്റി സേവനം, പവർ സപ്ലൈ, മലിനജലം ശേഖരിക്കാനും സംസ്ക്കരിക്കാനുമുള്ള പൊതു സംവിധാനം, തെരുവ് വിളക്ക്, ഇൻഫർമേഷൻ ആൻറ് കമ്മ്യൂണിക്കേഷൻ നെറ്റ് വർക്ക്, ഫയർ ഫൈറ്റിംഗ് സംവിധാനം, കാർ, ട്രക്ക് പാർക്കിംഗ് സൗകര്യം, മഴവെള്ള സംഭരണം, വെള്ളപ്പൊക്ക നിയന്ത്രണം എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്.

(ഡി) സിഡ്കോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി)സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊഡക്ഷൻ യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിൻെറ ഭാഗമായി പുതിയ മെഷീനുകൾ വാങ്ങുകയും പുതിയ രജിസ്ട്രേഷനുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. മൺവിളയിലുള്ള സിഡ്കോ എക്യുപ്പ്മെൻറ് കോംപ്ലക്സിൻെറ സംയുക്ത സംരംഭത്തിൽ ഒരു ഹൈടെക്ക് സെക്യൂരിറ്റി പ്രിൻറിംഗ് പ്രസ് തുടങ്ങുന്നതിന് പുതിയ കമ്പനി രജിസ്ട്രർ ചെയ്യുന്ന നടപടി സിഡ്കോ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൻെറ ഗ്രാൻറ് പ്രയോജനപ്പെടുത്തി പി.പി.പി. മോഡലിൽ തിരുവനന്തപുരത്ത് ടൂൾ റൂം കം ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുന്നതിലേക്കായ നിർദ്ദേശം വ്യവസായ വാണിജ്യ ഡയറക്ടർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 16.07.2009- ൽ

നിയമസഭാ ചോദ്യം നമ്പർ : 518 — മറുപടിക്ക്

## പരമ്പരാഗത മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ. അനിരുദ്ധൻ**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**ശ്രീ. ബാബു പോൾ**<br>**ശ്രീ. എ. കെ. ചന്ദ്രൻ** | **ശ്രീ. എളമരം കരീം**<br>**(വ്യവസായ വകുപ്പ് മന്ത്രി)** |
| (എ) പരമ്പരാഗത മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ഈ വർഷം ലഭ്യമായിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ്; അതിൽ എത്ര കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) പരമ്പരാഗത മേഖലയുടെ അടിസ്ഥാന സൗകര്യത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ഈ വർഷം കാഡ്കോ, സുരഭി, കാപെക്സ്, കെ-ബിപ്പ്, കശുവണ്ടി വികസന കോർപ്പറേഷൻ, കെൽപാം എന്നീ സ്ഥാപനങ്ങൾക്ക് സഹായമൊന്നും ലഭിച്ചിട്ടില്ല. കയർ, ബാംബു, കൈത്തറി, ഖാദി വ്യവസായങ്ങളുമായി ബന്ധപ്പെട്ടും ഇതു സംബന്ധിച്ച് ഒരു കേന്ദ്രസഹായവും ലഭിച്ചിട്ടില്ല. എന്നാൽ കരകൗശല വികസന കോർപ്പറേഷന് റാമെറ്റീരിയൽ ബാങ്ക് നടപ്പാക്കാൻ 2 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അനുവദിച്ച് 1 കോടി രൂപ ലഭിച്ചു കഴിഞ്ഞതിൽ 10 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കശുമാവ് കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 5783.108 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും പദ്ധതിയ്ക്ക് അനുമതി ലഭിക്കുകയും 28 കോടി രൂപ ആദ്യ ഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എ.സി.എ. സ്കീമിൽ 2 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ, (expansion of domestic market) കേരള ഗവൺമെന്റ് വഴി ലഭിക്കുന്നതിനു വേണ്ടി കാപ്പക്സ് സമർപ്പിച്ചിട്ടുണ്ട്.<br>(തുടർച്ച......2) |

| | |
|---|---|
| (ബി) കൈത്തറി മേഖലയ്ക്ക് നടപ്പു സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ എത്ര കോടി രൂപ വകയിരുത്തി യിട്ടുണ്ട്; റിബേറ്റ് ഇനത്തിൽ എത്ര തുക പ്രത്യേകം വകകൊ ള്ളിച്ചിട്ടുണ്ടെന്ന് വെളിവാക്കു മോ? | (ബി) കൈത്തറി മേഖലയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി 50.99 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റിബേറ്റ് ഇനത്തിൽ ഈ സാമ്പത്തിക വർഷത്തേക്ക് 484 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 16.07.2009- ൽ

നിയമസഭാ ചോദ്യം നമ്പർ : **519** മറുപടിക്ക്

## കരകൗശല വ്യവസായ രംഗത്തെ പുതിയ സ്കീമുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.സി. ജോർജ്** | **ശ്രീ. എളമരം കരീം (വ്യവസായ വകുപ്പ് മന്ത്രി)** |
| **(എ)** ഈ സർക്കാർ അധികാരമേറ്റ ശേഷം കരകൗശല വ്യവസായ രംഗത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | **(എ)** ഈ സർക്കാർ അധികാരമേറ്റ ശേഷം കാഡ്കോ കൊല്ലത്ത് Modern Mechanized Common Facility-യും കോഴിക്കോട് നടുവണ്ണൂരിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കോമൺ ഫെസിലിറ്റി സെന്ററും, റാ മെറ്റീരിയൽ ഡിപ്പോയും ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കേരള കരകൗശല വികസന കോർപ്പറേഷൻ വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിലും നവി മുംബെയിലെ കേരള ഹൗസിലും, കോഴിക്കോട്ടും പുതിയ വിൽപ്പനശാലകൾ ആരംഭിച്ചു. 3ഡി പെന്റോ ഗ്രാഫ് മെഷീൻ അട്ടക്കുളങ്ങരയിൽ ഉടൻ സ്ഥാപിക്കുന്നതാണ്. റാമെറ്റീരിയൽ ബാങ്ക് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച 2 കോടി രൂപയുടെ പദ്ധതിയിൽ 1 കോടി രൂപ ലഭിച്ചു കഴിഞ്ഞു;<br>സുരഭിയിൽ കരകൗശല തൊഴിലാളികൾക്ക് ട്രെയിനിംഗ്, ഡിസൈൻ ഡെവലപ്മെന്റ്, എംപോറിയം നവീകരണം, എക്സിബിഷൻ, കോമൺ ഫെസിലിറ്റി സെന്റർ എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചു.<br>കെ. ബിപ്പ് കേരള ബാംബൂ ഫെസ്റ്റും, മലബാർ ക്രാഫ്റ്റ് മേളയും ബേപ്പൂർ ഫെസ്റ്റും സംഘടിപ്പിച്ചു. |
| **(ബി)** ഈ രംഗത്ത് കരകൗശല വികസന കോർപ്പറേഷനും ആർട്ടിസാൻസ് വികസന കോർപ്പറേഷനും ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | **(ബി)** കാഡ്കോ ആർട്ടിസാൻസ് യൂണിറ്റുകളെ സംഘടിപ്പിച്ചു കൊണ്ട് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. സ്വയം തൊഴിൽ വായ്പ നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | കേരള കരകൗശല വികസന കോർപ്പറേഷൻ വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഇന്റർനാഷണൽ എയർ പോർട്ടിലും നവിമുംബൈയിലെ കേരള ഹൗസിലും കോഴിക്കോട്ടും പുതിയ വില്പന ശാലകൾ ആരംഭിച്ചു. അട്ടക്കുളങ്ങര 3 ഡി പെന്റോഗ്രാഫ് മെഷീൻ ഉടൻ സ്ഥാപിക്കുന്നതാണ്. റാ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ച് 2 കോടി രൂപ അനുവദിപ്പിക്കാൻ കഴിഞ്ഞു. 1 കോടി രൂപ ലഭിച്ചു കഴിഞ്ഞു.<br>ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷന്റെ വിൽപ്പനശാലകളുടെ കമ്പ്യൂട്ടറൈസേഷനും ഓഫീസ് ഓട്ടോമേഷനും നടന്നു വരുന്നു. തിരുവനന്തപുരത്തും എറണാകുളത്തും കണ്ണൂരിലും വിപുലമായ ക്രാഫ്റ്റ് ബസാറുകളും ഇൻഡ്യയിൽ വിവിധ പട്ടണങ്ങളിൽ പ്രദർശന വിൽപ്പന മേളകളും സംഘടിപ്പിച്ചു വരുന്നു. |
| (സി) കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനം വഴി എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) കരകൗശല വികസന കോർപ്പറേഷനെ പുതിയ പദ്ധതികളുടെ ആവിഷ്ക്കരണത്തോടു കൂടി ലാഭത്തിലാക്കുവാൻ സാധിച്ചു. 2006-07, 2007-08, 2008-09 എന്നീ സാമ്പത്തിക വർഷങ്ങളിലെ താല്ക്കാലിക കണക്കുകൾ പ്രകാരം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ ആഗോള സാമ്പത്തിക മാന്ദ്യത്തിനിടയിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ കോർപ്പറേഷന്റെ വിറ്റു വരവ് മുൻവർഷങ്ങളേക്കാൾ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കരകൗശല വിദഗ്ദ്ധന്മാർക്ക്, കോർപ്പറേഷൻ നൽകാൻ ബാക്കിയായിരുന്ന തുകയിൽ, ഗണ്യമായ തുക നൽകി.<br><br>**സെക്ഷൻ ഓഫീസർ** |

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 520 16.07.09ലെ മറുപടിക്ക്

ബേപ്പൂർ അഴീക്കൽ ,ആലപ്പുഴ തുറമുഖങ്ങളുടെ സമഗ്രവികസനം

ചോദ്യം
ശ്രീ. എ.എ. വാഹിദ്
ശ്രീ. എ.പി. അനിൽകുമാർ
ശ്രീ. സി.പി. മുഹമ്മദ്

മറുപടി
ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും
സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ബേപ്പൂർ,അഴീക്കൽ,ആലപ്പുഴ തുറമുഖങ്ങളെ ബി.ഒ.ടി. അടിസ്ഥാനത്തിൽ സമഗ്രമായി വികസിപ്പിക്കുന്നതിനുള്ള സാധ്യതപഠനത്തിനായി കൺസൾട്ടൻറുമാരെ നിയമിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന് അറിയിക്കുമോ; | (എ) | ബേപ്പൂർ,അഴീക്കൽ,ആലപ്പുഴ തുറമുഖങ്ങളെ ബി.ഒ.ടി. അടിസ്ഥാനത്തിൽ സമഗ്രമായി വികസിപ്പിക്കുന്നതിനുള്ള സാധ്യതപഠനത്തിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നതിനായി ടേംസ് ഓഫ് റെഫറൻസ് തയ്യാറാക്കുകയും ആയതിൻെറ അടിസ്ഥാനത്തിൽ ആഗോള ടെൻടർ വിളിക്കുകയും സർക്കാർ തലത്തിൽ രൂപീകരിച്ച ബിഡ് ഇവാലുവേഷൻ കമറ്റി ടെണ്ടറുകൾ പരിശോധിച്ച് നൽകിയ ശുപാർശ സ്വീകരിച്ച് അഴീക്കൽ,ബേപ്പൂർ തുറമുഖങ്ങൾക്കുള്ള കൺസൾട്ടൻറിനെ സർക്കാർ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ തുറമുഖത്തിനുള്ള കൺസൾട്ടൻറിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) | ഇതിനായി കൺസൾട്ടൻസി ടെണ്ടർ അനൗൺസ് ചെയ്തിരുന്നുവോ എന്നും മേൽപ്പറഞ്ഞ സാധ്യതാ പഠനത്തിന് കൺസൾട്ടൻറുമാരെ തെരഞ്ഞെടുത്തുവോ എന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും അറിയിക്കുമോ; | (ബി) | കൺസൾട്ടൻസി ടെണ്ടർ അനൗൺസ് ചെയ്തിരുന്നു. സാധ്യതാപഠനത്തിനായി കൺസൾട്ടൻറുമാരെ തെരഞ്ഞെടുത്തിട്ടുണ്ട് . ഗവൺമെൻറ് അംഗീകരിച്ച ടേംസ് ഓഫ് റെഫറൻസിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ തലത്തിൽ രൂപീകരിച്ച Bid Evaluation Commitee ടെണ്ടറുകൾ പരിശോധിച്ച് നൽകിയ ശുപാർശ സ്വീകരിച്ച് Consultant നെ നിയമിച്ചു. |

| | | | |
|---|---|---|---|
| (സി) | എന്നാണ് കൺസൾട്ടൻസി അവാർഡ് ചെയ്തത് എന്നും എത്ര നാളാണ് കൺസൾട്ടൻസിയുടെ കാലാവധി എന്നും വ്യക്തമാക്കാമോ; | (സി) | അഴിക്കൽ തുറമുഖത്തിന്റെ വികസനത്തിനായി ഡിലോയിറ്റ് ടോഷ് തോഹ്മാസു എന്ന കമ്പനിയുമായി 17.11.2008-ൽ കരാർ ഒപ്പു വച്ചിരുന്നു. ബേപ്പൂർ തുറമുഖത്തിൽ കൺസൾട്ടൻറ് ആയി കൺസൾട്ടിംഗ് എഞ്ചിനിയറിംഗ് സർവ്വീസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 08.07.2009 -ൽ കരാർ ഒപ്പു വച്ചു.കരാറിന്റെ കാലാവധി 48 ആഴ്ചകളാണ്.<br>ആലപ്പുഴ തുറമുഖത്തെ ഒരു മറീനയായും കാർഗോ തുറമുഖമായും വികസിപ്പിക്കുന്നതിനുള്ള ദർഘാസുകളുടെ പരിശോധന അന്തിമഘട്ടത്തിലാണ്.<br>TOR പ്രകാരം കൺസൽട്ടന്റിന് DFR തയ്യാറാക്കുന്നതിന് 20 ആഴ്ച സമയം നൽകിയിട്ടുണ്ട് . അതിനുശേഷം Global Tender വിളിച്ച് നിക്ഷേപകനെ തിരഞ്ഞെടുക്കുവാൻ സർക്കാരിനെ സഹായിച്ച് നിക്ഷേപകനെ കണ്ടെത്തുന്നതുവരെ 48 ആഴ്ചകൾ വേണ്ടിവരും . അതിനുശേഷം നിക്ഷേപകന്റെ Technical and Fincancial ക്ളോഷറുകൾ പൂർത്തിയാക്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് പൂർത്തീകരിച്ച് കപ്പൽ അടുപ്പിച്ച് കയറ്റിറക്കുമതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുവരെ കൺസൽറ്റന്റിന്റെ സഹായം ലഭ്യമായിരിക്കും. |
| (ഡി) | മേൽപ്പറഞ്ഞ സാധ്യതാ പഠനം പൂർത്തിയായി കഴിഞ്ഞുവോ; എങ്കിൽ സാധ്യതാപഠനത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (ഡി) | പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 521      16.07.2009-ൽ മറുപടിക്ക്

## കുടിവെള്ളത്തിൽ മാലിന്യങ്ങൾ കലരുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള കുടിവെള്ള പദ്ധതികളിലും പഴക്കമുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വർഷങ്ങൾക്കു മുൻപു പൂർത്തിയാക്കി ശുദ്ധജല വിതരണം നടത്തി വരുന്ന പദ്ധതികളിലെ പൈപ്പുകളുടെ കാലപ്പഴക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ശുദ്ധജലം പാഴാകുന്നതിനും, മാലിന്യങ്ങൾ കലരുന്നതിനും ഇടയാകുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) വർഷങ്ങൾക്കു മുൻപു കമ്മീഷൻ ചെയ്ത കുടിവെള്ള വിതരണ പദ്ധതികൾ നവീകരിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇപ്രകാരം പൈപ്പുലൈനുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കേണ്ട 164 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന ആറു പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. മഞ്ചേരി, കോഴിക്കോട്, കാസർഗോഡ്, തലശ്ശേരി, കണ്ണൂർ, വടകര എന്നിവയാണ് പ്രസ്തുത ശുദ്ധജല വിതരണ പദ്ധതികൾ. കൂടാതെ സ്ഥാനിലുൾപ്പെടുത്തി നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കി കുണ്ടറ, വൈക്കം, കുളച്ചേരി-*I*, കുളച്ചേരി- *II* എന്നീ ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണ പണികൾ ആരംഭിച്ചു കഴിഞ്ഞു.<br>ശുദ്ധജല വിതരണ പദ്ധതികളിൽ ഉന്നത ഗുണനിലവാരത്തിലുള്ള പ്രത്യേക മാനദണ്ഡ പ്രകാരമുള്ള പൈപ്പുലൈനുകളാണ് ഉപയോഗിക്കുന്നത്. |

[signature]

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.522 16.07.2009ൽ മറുപടിക്ക്

### ദേശീയ അന്ധതാനിവാരണ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എ.എം. ആരിഫ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ)ദേശീയ അന്ധതാനിവാരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ | (എ) ദേശീയ അന്ധതാനിവാരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>1. <u>തിമിര ശസ്ത്രക്രിയ:-</u> സർക്കാർ ആശുപത്രികളിൽ തിമിരശസ്ത്രക്രിയാ ക്യാമ്പുകൾ നടത്തുകയും സർക്കാരിതര സന്നദ്ധ സംഘടനകൾ, ആശുപത്രികൾ എന്നിവ മുഖേന നടത്തിയ തിമിര ശസ്ത്രക്രിയാ ക്യാമ്പുകൾക്ക് പ്രോത്സാഹനവും ധനസഹായവും നൽകുന്നു.<br><br>2. <u>സ്കൂൾ വിദ്യാർത്ഥികളുടെ നേത്രപരിശോധന:-</u> സ്കൂൾ കുട്ടികളുടെ കാഴ്ചപരിശോധിച്ച് കണ്ണട ആവശ്യമുള്ളവർക്ക് കണ്ണട നൽകുകയും കോങ്കണ്ണ് മുതലായ അസുഖമുള്ളവരെ കണ്ടെത്തി ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്യാറുണ്ട്.<br><br>3. <u>നേത്രബാങ്കിന്റെ പ്രവർത്തനങ്ങൾ:-</u> നേത്രദാനത്തിന് ആളുകളെ പ്രേരിപ്പിക്കുക. നേത്രദാനം നടത്തുന്നവരുടെ കണ്ണുകൾ നേത്രബാങ്കിൽ ശേഖരിക്കുന്നതിനാവശ്യമായ പ്രചാരണങ്ങളും സാമ്പത്തിക സഹായവും നൽകുക എന്നിവ ചെയ്തുവരുന്നു. |

| | |
|---|---|
| | ഇവ കൂടാതെ ഡയബറ്റിക് റെറ്റിനോപ്പതി, കോങ്കണ്ണിന്റെ ചികിത്സ, ഗ്ലോക്കോമ സ്ക്രീനിംഗ്, കുട്ടികളിലുണ്ടാകുന്ന അന്ധതയ്ക്കുള്ള ചികിത്സ എന്നിവയും നടത്തി വരുന്നു. |
| (ബി) സർക്കാർ, എയ്ഡഡ്, സ്വകാര്യ അന്ധവിദ്യാലയങ്ങളിൽ വിദഗ്ധ ചികിത്സ നൽകുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) എല്ലാ അന്ധവിദ്യാലയങ്ങളിലും നിശ്ചിത കാലയളവുകളിൽ വൈദ്യ പരിശോധന നടത്തുകയും അവർക്കാവശ്യമായ ചികിത്സ നൽകി വരുകയും ചെയ്യുന്നുണ്ട്. |
| (സി) സ്കൂളുകളിലും കോളേജുകളിലും നേത്രപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ടോ; | (സി) ദേശീയ അന്ധതാനിവാരണപദ്ധതി പ്രകാരം സ്കൂളുകളിൽ നേത്രചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. |
| ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നേത്രപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും കണ്ണടകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഫണ്ട് ഉപയോഗിച്ച് നേത്ര പരിശോധനാക്യാമ്പുകൾ സംഘടിപ്പിക്കുകയും കണ്ണടകൾ വിതരണം ചെയ്യുകയും ചെയ്യുമ്പോൾ അവർക്ക് ആവശ്യമായ സാങ്കേതിക ഉപദേശവും ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 523

16.7.2009 ൽ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അജിത്<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.കെ.രാജു | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങളെ; അവ ഏതെല്ലാം എന്നറിയിക്കുമോ; | (എ) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവത്ക്കരണം, ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണം എന്നീ നടപടികളിലൂടെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഏകദേശം 500 കോടിയിൽപരം രൂപയുടെ പദ്ധതിയാണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ള 19 പൊതുമേഖലാ സ്ഥാപനങ്ങളിലായി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) ഈ പ്രവർത്തനങ്ങൾക്കായി എത്ര തുക വേണ്ടിവരും; ഇതിൽ സംസ്ഥാന സർക്കാർ എത്ര തുക നൽകും; ബാക്കി തുക എങ്ങനെ സംഭരിക്കും; വിശദാംശം വ്യക്തമാക്കുമോ; | (ബി) മേൽപ്പറഞ്ഞ 19 സ്ഥാപനങ്ങളുടെ പദ്ധതിനടത്തിപ്പിനായി ഏകദേശം 535 കോടി യോളംരൂപ വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. പദ്ധതികളുടെ നടത്തിപ്പിനായുള്ള വായ്പാ നിക്ഷേപ അനുപാതം 1:1 എന്ന തോതിലാണെന്നിരിക്കെ ഏകദേശം 215 കോടിയോളം രൂപ സർക്കാർ സഹായമായി നൽകേണ്ടിവരുമെന്ന് കരുതുന്നു. എന്നിരുന്നാലും ചില സ്ഥാപനങ്ങൾ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭമായി ആരംഭിക്കുന്ന പദ്ധതികൾക്ക് സംസ്ഥാന സർക്കാരിൽ നിന്നുമുള്ള മുതൽ മുടക്കിന്മേൽ ചർച്ച ചെയ്തു തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. അടുത്ത രണ്ടു മൂന്നു വർഷങ്ങൾ കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ സാമ്പത്തിക |

| | |
|---|---|
| | വർഷം ബഡ്ജറ്റിൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 50 കോടിരൂപ അനുവദിച്ചിട്ടുണ്ട്.<br><br>കെ.എഫ്.സി തുടങ്ങിയ ധനകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തുക കണ്ടെത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>ധനകാര്യ സ്ഥാപനങ്ങളുമായി പല തലങ്ങളിൽ സർക്കാർ നടത്തിയ ചർച്ചകളുടെ ഫലമായും, വ്യവസായ സ്ഥാപനങ്ങളും, ധനകാര്യ സ്ഥാപനങ്ങളുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി നടത്തിയ ശ്രമങ്ങളുടെ ഫലമായും പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പദ്ധതി നടത്തിപ്പിനായിട്ടുള്ള ധനസഹായ അപേക്ഷകളോട് പിന്തുണയ്ക്കുന്ന സമീപനമാണ് ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിച്ചിരിക്കുന്നത്. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും ഉല്പന്നങ്ങൾ പരസ്പരം വിതരണം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി അവയുടെ ഉൽപ്പന്നങ്ങൾ സംസ്ഥാന പൊതുമേഖലയിലും കേന്ദ്രപൊതുമേഖലയിലുമുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ പരസ്പരം വിപണനം ചെയ്യുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനായി വ്യവസായവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ മീറ്റിംഗുകൾ നടത്തുകയും മേൽനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 524. 16-07-2009-ൽ മറുപടിയ്ക്ക്

## സ്പോർട്ട്സ് ക്വാട്ടാ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.എ.എം.ആരിഫ്:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.രാജു എബ്രഹാം: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | 19-02-2008-ലെ സ.ഉ.(സാധാ)നമ്പർ. 1431/08/പൊ.ഭ.വ. പ്രകാരം സ്പോർട്സ് ക്വാട്ടാ നിയമനം 20-ൽ നിന്നും 50 ആക്കി ഉയർത്തുന്നതിന് തത്വത്തിൽ അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുള്ള ഇക്കാര്യത്തിൽ നിയമസഭാ കമ്മിറ്റിയുടെ അംഗീകാരം കൂടി നേടിയാലുടൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | (ബി) |
| ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര പേർക്ക് സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; | ഈ സർക്കാർ നിലവിൽ വന്ന ശേഷം 87 പേർക്ക് സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (സി) | (സി) |
| സ്പോർട്ട്സ് ക്വാട്ട നിയമനം കൂടുതൽ പേർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഉണ്ട്. |

| | |
|---|---|
| പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വാട്ട നിയമനം നടത്തുന്നുണ്ടോ; | പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വാട്ട നിയമനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഇ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രത്യേക സ്പോർട്ട്സ് ടീമുകൾ ഉണ്ടാക്കാൻ നിർദ്ദേശം നൽകുമോ; | (ഇ) പരിഗണനയിലാണ്. |
| (എഫ്) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (എഫ്) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 525 16.07.2009-ൽ മറുപടിക്ക്

വ്യാജ ഔഷധ മാഫിയ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ശിവദാസൻ നായർ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജ ഔഷധങ്ങൾ നിർമ്മിക്കുന്ന ഒരു മാഫിയ പ്രവർത്തിക്കുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഉണ്ടെങ്കിൽ മാഫിയയുടെ പ്രവർത്തനം തടയുന്നതിന് സർക്കാർ എന്തൊക്കെനടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) ചോദ്യം ഉദിക്കുന്നില്ല |
| (സി) സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങൾക്ക് ക്ഷാമം ഉള്ളതായി തെളിഞ്ഞിട്ടുണ്ടോ ? | (സി) ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 526 — 16.07.2009-ൽ മറുപടിക്ക്

വിദേശമരുന്നുകമ്പനികൾക്കുവേണ്ടി നടത്തുന്ന മരുന്നുപരീക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി.മുഹമ്മദ്;<br>ശ്രീ. എം.എ.വാഹിദ്;<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ രോഗസാധ്യതകൾ , രോഗികൾ, അവർക്ക് നൽകിയ ചികിത്സ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുവാനുള്ള അധികാരസ്ഥൻ ആരാണ് ; | (എ) ബന്ധപ്പെട്ട ആശുപത്രി അധികാരി (സൂപ്രണ്ട്) ആണ് അധികാരസ്ഥൻ |
| (ബി) ഈ വിവരങ്ങൾ സൂക്ഷിക്കാനും കൈമാറാനുമുള്ള അധികാരം ആർക്കാണ് ; പ്രസ്തുത അധികാരസ്ഥനല്ലാതെ മറ്റാരെങ്കിലും അതു സംബന്ധിച്ചവിവരം ശേഖരിക്കുകയും, സൂക്ഷിക്കുകയും കൈമാറുകയും ചെയ്യുന്നത് കുറ്റകരമാണോ; | (ബി) രോഗിയെ സംബന്ധിച്ചും രോഗത്തെസംബന്ധിച്ചും ചികിത്സയെസംബന്ധിച്ചുമുള്ള വിവരങ്ങൾ മറ്റൊരു വ്യക്തിക്കോ ഏജൻസിക്കോ നൽകുന്നത് ആശുപത്രി സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രമേ ചെയ്യാറുള്ളു. മറ്റാരെങ്കിലും പ്രത്യേക അനുവാദമില്ലാതെ ടി വിവരങ്ങൾ ശേഖരിക്കുന്നതും സൂക്ഷിക്കുന്നതും കൈമാറുന്നതും കുറ്റകരമാണ്. |
| (സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ രോഗികളിൽ വിദേശമരുന്നുകമ്പനികൾക്കുവേണ്ടി നടത്തുന്ന മരുന്നുപരീക്ഷണത്തിന്റെ ഫലം പ്രസ്തുത അധികാരസ്ഥനറിയാതെയോ അധികാരസ്ഥന്റെ അനുവാദമില്ലാതെയോ വിദേശമരുന്നുകമ്പനികൾക്കു നൽകുന്നുണ്ടോ ? | (സി)സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ വിദേശ മരുന്നു കമ്പനികൾ പരീക്ഷണം നടത്തുന്നില്ല. |
| (ഡി) എങ്കിൽ ഈ നടപടി അവസാനിപ്പിക്കുമോ? | (ഡി) ചോദ്യം ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: T 527 — 16 - 07 -2009 ൽ മറുപടിക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം:<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.ടി.എൻ.പ്രതാപൻ :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
|---|---|
| (എ) കൊച്ചിയിലെ മെട്രോ റെയിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നും പദ്ധതിക്ക് അനുമതി നേടുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ; | (എ). കേന്ദ്ര സർക്കാരിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കേരള സർക്കാർ താഴെപ്പറയുന്ന നടപടികൾ എടുത്തുവരുന്നു. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2009 ഫെബ്രുവരി മുതൽ ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ ഓഫീസ് കൊച്ചിയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ പദ്ധതിക്കായി ഇതുവരെ നാലരക്കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായിട്ടാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തര സമ്മർദ്ദം ചെലുത്തിവരുന്നു. |
| (ബി) ഈ പദ്ധതിയുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;<br>(സി) ഈ കാര്യങ്ങളിൽ അഭിപ്രായസമന്വയമുണ്ടാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ? | (ബി). യും (സി) യും.<br>ഈ പദ്ധതിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ ഒരു തരത്തിലുള്ള അഭിപ്രായ വ്യത്യാസവുമില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 528 | | 16.07.2009 -ൽ മറുപടിയ്ക്ക് |
|---|---|---|
| **സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നൽകുന്ന ലോണുകൾ** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ. യു.സി. രാമൻ<br>ശ്രീ.പി.കെ. അബ്ദുറബ്ബ്<br>ശ്രീ.കെ. കുട്ടി അഹമ്മദ് കുട്ടി** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ഏതൊക്കെ തരത്തിലുള്ള ലോണുകളാണ് ഇപ്പോൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ താഴെപ്പറയുന്ന ലോണുകൾ വിതരണം ചെയ്യുന്നു.<br>1. പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ)<br>❖ സ്വയം തൊഴിൽ വായ്പാ പദ്ധതി<br>❖ വിദ്യാഭ്യാസ വായ്പാ പദ്ധതി<br>❖ ന്യൂ സ്വർണ്ണിമ സ്കീം<br>❖ ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ വഴി നൽകുന്നത്)<br>2. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടെ)<br>❖ സ്വയം തൊഴിൽ വായ്പാ പദ്ധതി<br>❖ വിദ്യാഭ്യാസ വായ്പാ പദ്ധതി<br>❖ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>❖ ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ വഴി നൽകുന്നത്)<br>3. പട്ടികജാതി വിഭാഗങ്ങൾക്ക് വായ്പാ പദ്ധതി (ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ)<br>❖ സ്വയം തൊഴിൽ വായ്പാ പദ്ധതി |
| (ബി) | ഓരോ ലോണും ലഭിക്കുന്നതിനുള്ള നിബന്ധനകൾ വിശദമാക്കുമോ; | (ബി) വനിതാ വികസന കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകൾ ലഭ്യമാകുന്നതിനുള്ള നിബന്ധനകൾ അനുബന്ധം -1ൽ കാണാവുന്നതാണ്. |

| | | |
|---|---|---|
| (സി) | പരമാവധി ലോൺ തുകയും ഈടാക്കുന്ന പലിശയും എത്രയെന്നു വെളിപ്പെടുത്തുമോ; | (സി) വനിതാ വികസന കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകൾക്ക് നൽകുന്ന പരമാവധി തുകയും ഈടാക്കുന്ന പലിശയും അനുബന്ധം - 2ൽ കാണാവുന്നതാണ്. |
| (ഡി) | എസ്.സി./എസ്.ടി, മുസ്ലീം, പിന്നോക്കവിഭാഗങ്ങൾ എന്നിവർക്ക് പലിശയിൽ എന്തെങ്കിലും ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) എസ്.സി./എസ്.ടി, മുസ്ലീം, പിന്നോക്കവിഭാഗങ്ങൾ എന്നിവർക്ക് വളരെ കുറഞ്ഞ പലിശ (3% മുതൽ 6% വരെ) നിരക്കിലാണ് വായ്പ നൽകുന്നത്. അതിനാൽ പലിശ നിരക്കിൽ മറ്റ് ഇളവുകൾ ഒന്നും അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 528 | | 16.07.2009 -ൽ മറുപടിയ്ക്ക് |
|---|---|---|
| **സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നൽകുന്ന ലോണുകൾ** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ. യു.സി. രാമൻ<br>ശ്രീ.പി.കെ. അബ്ദുറബ്ബ്<br>ശ്രീ.കെ. കുട്ടി അഹമ്മദ് കുട്ടി** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ഏതൊക്കെ തരത്തിലുള്ള ലോണുകളാണ് ഇപ്പോൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ താഴെപ്പറയുന്ന ലോണുകൾ വിതരണം ചെയ്യുന്നു.<br>1. പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ)<br>❖ സ്വയം തൊഴിൽ വായ്പാ പദ്ധതി<br>❖ വിദ്യാഭ്യാസ വായ്പാ പദ്ധതി<br>❖ ന്യൂ സ്വർണ്ണിമ സ്കീം<br>❖ ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ വഴി നൽകുന്നത്)<br>2. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടെ)<br>❖ സ്വയം തൊഴിൽ വായ്പാ പദ്ധതി<br>❖ വിദ്യാഭ്യാസ വായ്പാ പദ്ധതി<br>❖ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>❖ ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ വഴി നൽകുന്നത്)<br>3. പട്ടികജാതി വിഭാഗങ്ങൾക്ക് വായ്പാ പദ്ധതി (ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ)<br>❖ സ്വയം തൊഴിൽ വായ്പാ പദ്ധതി |
| (ബി) | ഓരോ ലോണും ലഭിക്കുന്നതിനുള്ള നിബന്ധനകൾ വിശദമാക്കുമോ; | (ബി) വനിതാ വികസന കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകൾ ലഭ്യമാകുന്നതിനുള്ള നിബന്ധനകൾ അനുബന്ധം -1ൽ കാണാവുന്നതാണ്. |

| | | |
|---|---|---|
| (സി) | പരമാവധി ലോൺ തുകയും ഈടാക്കുന്ന പലിശയും എത്രയെന്നു വെളിപ്പെടുത്തുമോ; | (സി) വനിതാ വികസന കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകൾക്ക് നൽകുന്ന പരമാവധി തുകയും ഈടാക്കുന്ന പലിശയും അനുബന്ധം - 2ൽ കാണാവുന്നതാണ്. |
| (ഡി) | എസ്.സി./എസ്.ടി, മുസ്ലീം, പിന്നോക്കവിഭാഗങ്ങൾ എന്നിവർക്ക് പലിശയിൽ എന്തെങ്കിലും ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) എസ്.സി./എസ്.ടി, മുസ്ലീം, പിന്നോക്കവിഭാഗങ്ങൾ എന്നിവർക്ക് വളരെ കുറഞ്ഞ പലിശ (3% മുതൽ 6% വരെ) നിരക്കിലാണ് വായ്പ നൽകുന്നത്. അതിനാൽ പലിശ നിരക്കിൽ മറ്റ് ഇളവുകൾ ഒന്നും അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 529 — 16-07-2009 ന് മറുപടിക്ക്

## ഗവ. മെഡിക്കൽ കോളേജുകളുടെ നിലവാരം

| ചോദ്യം: | മറുപടി: |
| --- | --- |
| ശ്രീ. കെ. ബി. ഗണേഷ് കുമാർ:<br>ശ്രീ. കെ. കെ. ഷാജു:<br>ശ്രീ. തോമസ് ചാണ്ടി: | ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

---

| | |
| --- | --- |
| (എ) തിരുവനന്തപുരം ആർ. സി. സി., ശ്രീചിത്രാ മെഡിക്കൽ സയൻസ് എന്നീ സ്ഥാപനങ്ങളെപ്പോലെ വൃത്തിയിലും സേവനത്തിലും ഉന്നതനിലവാരം പുലർത്തുന്ന തരത്തിൽ സംസ്ഥാനത്തെ ഗവ: മെഡിക്കൽ കോളേജുകളെ ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) ശ്രീ ചിത്രാ മെഡിക്കൽ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നിവ ചില പ്രത്യേക വകുപ്പുകൾ മാത്രം കൈകാര്യം ചെയ്യുവാൻ നിയുക്തമായിട്ടുള്ള ആശുപത്രികളാണ്. എന്നാൽ മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആശുപത്രികളാണ്. റഫറൽ കത്തുമായി വരുന്ന ഒരു രോഗിക്കും ചികിൽസ നിഷേധിക്കുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ രോഗികളുടെ ബാഹുല്യം വളരെ കൂടുതലാണ്. എന്നിരുന്നാലും മെഡിക്കൽ കോളേജ് ആശുപത്രികളുടെ സേവന നിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആധുനിക യന്ത്രസാമഗ്രികൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകും; | (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രധാനമന്ത്രിയുടെ സ്വസ്ഥ്യ സുരക്ഷാ യോജന (പി. എം. എസ്. എസ്. വൈ എന്ന പദ്ധതി പ്രകാരം 120 കോടി രൂപ ചെലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടം ആധുനിക യന്ത്രസാമഗ്രികൾ എന്നിവ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ മറ്റു കോളേജുകളിൽ ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ചും ബഡ്ജറ്റിൽ വകയിരുത്തിയ ഫണ്ട് ഉപയോഗിച്ചും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിച്ചു വരുന്നു. |
| (സി) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് മരുന്നും മറ്റ് അവശ്യ | (സി) കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന എല്ലാ മെഡിക്കൽ കോളേജുകളിലേക്കും ആവശ്യമായ |

| | |
|---|---|
| സാമഗ്രികളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | മരുന്നും മറ്റ് അത്യാവശ്യ സാമഗ്രികളും വാങ്ങുന്നുണ്ട്. കൂടാതെ ചില അത്യാവശ്യ മരുന്നുകൾ ആശുപത്രി വികസന സമിതി യും വാങ്ങി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *530

16-07-2009-ൽ മറുപടിക്ക്

കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. വി. ശിവൻ കുട്ടി :<br>" വി.ജെ. തങ്കപ്പൻ :<br>" ആർ. സെൽവരാജ് :<br>" ആനത്തലവട്ടം ആനന്ദൻ: | ശ്രീ. എളമരം കരീം<br>(വ്യവസായവകുപ്പുമന്ത്രി ) |
| (എ) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൻെറ പ്രവർത്തനം മന്ദീഭവിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) കമ്പനി ലാഭമുണ്ടാക്കിയിരുന്ന സമയത്ത് ഉപഭോക്താക്കളുടെ താത്പര്യം കൂടി മുന്നിൽ കണ്ടുകൊണ്ട് പ്രോഡക്റ്റ് ഡിസൈനിലും വെൻഡർ ഡെവലപ്പ്മെന്റിലും ശ്രദ്ധ കേന്ദ്രീകരിക്കാത്തതും, കമ്പനി നഷ്ടത്തിലായതിൻെറ ഫലമായി പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണവും കമ്പനി മാനേജ്മെന്റിൻെറ കാര്യക്ഷമതക്കുറവും കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൻെറ പ്രവർത്തനം മന്ദീഭവിപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ വന്നശേഷം കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം സഹായങ്ങൾ ചെയ്തിട്ടുണ്ട് ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2006-07-ൽ 74.94 ലക്ഷം രൂപയും 2008-09-ൽ 250 ലക്ഷം രൂപയും 2009-10-ൽ 150 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി നൽകിയിട്ടുണ്ട്. കൂടാതെ 65 ലക്ഷം രൂപ ആധുനിക മെഷീനുകൾ വാങ്ങുന്നതിനായും നൽകിയിട്ടുണ്ട്. |
| (സി) ഇവിടെ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (സി) വാഹനങ്ങളുടെ ഉൽപാദനം വർദ്ധിപ്പിച്ചും ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ വിപണനതന്ത്രങ്ങൾ ആവിഷ്ക്കരിച്ചും മുച്ചക്ര വാഹന രംഗത്തെ അതിശക്തമായ മത്സരത്തെ അതിജീവിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | |
|---|---|
| (ഡി) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കമ്പനി ഏതെങ്കിലും പ്രോജക്ട് റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; ഇതിനായി എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് വെളിപ്പെടുത്തുമോ ; | (ഡി) റിയർ എൻജിൻ മോഡൽ ആട്ടോറിക്ഷ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനായി 14 കോടി രൂപ ചെലവ് വരുന്ന ഒരു പ്രോജക്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) കമ്പനിയെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ ? | (ഇ) കമ്പനിയുടെ പ്രവർത്തനമൂലധനമുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി സർക്കാർ ധനസഹായം നൽകി കമ്പനിയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.531 — 16-07-2009-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളുടെയും മെഡിക്കൽ കോളേജ് ആശുപത്രികളുടെയും നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെയും മെഡിക്കൽ കോളേജ് ആശുപത്രി കളിലെയും നിലവാരം ഉയർത്തു ന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് സർക്കാർ ആശുപത്രി കളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും ആശുപത്രി ഉപകരണ ങ്ങളുടെ ലഭ്യത മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി യിട്ടുള്ള സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ അവരുടെ പ്ലാൻ ഫണ്ട് കൂടി ഉപയോഗിച്ച് മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. പി.ഡബ്ല്യു.ഡി. വഴിയായുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.<br>ദേശീയ പൊതുജനാരോഗ്യ മാനദണ്ഡമനുസരിച്ചുള്ള നിലവാരത്തിലേക്ക് സർക്കാർ ആശുപത്രികളെ ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 115 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ടിരി ക്കുകയാണ്. ഇതിൽ 60 എണ്ണത്തിന്റെ നവീകരണം പൂർത്തിയായി. 30 എണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. 45 എണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. നവീകരണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | ഫർണ്ണിച്ചറുകളും ഉപകരണങ്ങളും ലഭ്യമാക്കി ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും എൻ.ആർ.എച്ച്.എം. വഴി നിയമിക്കും.<br>കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യയുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജന പദ്ധതിപ്രകാരം ലഭിച്ച 100 കോടി രൂപയും സംസ്ഥാനസർക്കാർ വിഹിതമായ 20 കോടി രൂപയും ഉപയോഗിച്ച് പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ഒ.പി.ബ്ലോക്ക്, പി.ജി.നഴ്സിംഗ് ബ്ലോക്ക് എന്നിവയുടെ പണി പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി 50 കോടി രൂപയുടെ ആധുനിക യന്ത്ര സാമഗ്രികൾ വാങ്ങാൻ നടപടി എടുത്തിട്ടുണ്ട്. എസ്.എ.റ്റി. ആശുപത്രിയിൽ ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ പണി പുരോഗമിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കോട്ടയം മെഡിക്കൽ കോളേജിൽ സി.റ്റി.സ്കാൻ സ്ഥാപിച്ചു. ക്യാൻസർ ചികിത്സയ്ക്കായി ലീനിയർ ആക്സിലറേറ്റർ, എം.ആർ.ഐ. സ്കാൻ എന്നിവ വാങ്ങുന്നതിനുള്ള നടപടി എടുത്തുകഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിൽ പുതിയ ഒ.പി. ബ്ലോക്ക് ഉണ്ടാക്കുന്നത് പണി തീർന്നു. 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ശുദ്ധജലടാങ്ക് പണിതീർന്നുവരുന്നു. തൃശൂർ മെഡിക്കൽ കോളേജിൽ എം.ആർ.ഐ.സ്കാൻ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി എടുത്തു വരുന്നു.<br>ഭാരതീയ നാട്ടു ചികിത്സാ വകുപ്പ്, ഹോമിയോ വകുപ്പ്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങളും മരുന്നുകളും |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ ക്വാളിറ്റി കൗൺസിലുമായി ഒപ്പിട്ട കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ : | (ബി) | കേരളത്തിലെ 14 ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി 2008 ആഗസ്റ്റ് 30 -ാം തീയതി ഒരു ധാരണാ പത്രത്തിൽ സർക്കാർ ഒപ്പുവച്ചു. ഇതുകൂടാതെ 5 ആശുപത്രികളെകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2009 മാർച്ച് 20- ാം തീയതി മറ്റൊരു ധാരണാപത്രം കൂടി ഒപ്പുവച്ചു. ഈ ധാരണാപത്രപ്രകാരം നിലവിലുള്ള ആരോഗ്യ സേവനങ്ങളെപ്പറ്റി പഠനം നടത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനം. ജീവനക്കാരുടെ ലഭ്യത. ആശുപത്രി ഉപകരണങ്ങളുടെ ലഭ്യത, ജീവനക്കാരുടെ പരിശീലനം എന്നിവ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്. | (സി) | 2009–2010 പദ്ധതി നടപ്പാക്കൽ മാർഗ്ഗരേഖപ്രകാരം 5.80 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇത് 19 ആശുപത്രികളുടെയും 362 ലബോറട്ടറികളുടെയും നിലവാരമുയർത്തുന്നതിനായാണ് അനുവദിച്ചിരിക്കുന്നത്. |
| (ഡി) | പദ്ധതിയുടെ ഭാഗമായി ആശുപത്രികളിലെ ലബോറട്ടറികളുടെ നവീകരണത്തിനും വിപുലീകരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | ലബോറട്ടറികളിലെ ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യനും ജില്ലാതലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യവികസനവും സേവന നിലവാരവും ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

16

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 532 16..07..2009 - ൽ മറുപടിക്ക്

### വ്യവസായ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എൻ. വാസവൻ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. എ. എം. യൂസഫ്: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |
| (എ) സർക്കാരിന്റെ വ്യവസായ നയം വ്യവസായ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കി എന്ന് വെളിപ്പെടുത്തുമോ ; | (എ) സർക്കാരിന്റെ വ്യവസായ നയത്തിന്റെ ഫലമായി വിവിധ ജില്ലാ വ്യവസായ കേന്ദ്ര-ങ്ങളുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും അതിന്റെ ഫലമായി ധാരാളം നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ പീഢിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം 36 യൂണിറ്റുകൾ പുനരുദ്ധരിച്ചു. വനിതാ വ്യവസായ സംരംഭകരെ പുതുതായി കണ്ടെത്തി പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ സംരംഭകരെ കണ്ടെത്തുകയും അവരിൽ നിന്നും 2 കോടി രൂപയ്ക്കുള്ള നിക്ഷേപത്തിന് ധാരണയായിട്ടുമുണ്ട്. ഐ.ടി.ഐ. മേഖലയിൽ സ്കിൽ അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം 30 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൊല്ലം ജില്ലയിൽ 2546 ചെറുകിട |

വ്യവസായ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചത് വഴി 17683 തൊഴിലവസരങ്ങൾ ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 406 പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുകയും അതിലൂടെ 1834 പേർക്ക് തൊഴിൽ ലഭിക്കുകയുമുണ്ടായി.

ഇടുക്കി ജില്ലയിൽ 1490 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 995 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും അതുവഴി 4561 പേർക്ക് തൊഴിൽ ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുമുണ്ട്.

കോട്ടയം ജില്ലയിൽ ഉൽപ്പാദന സേവന മേഖലകളിൽ 3600 വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും ഇവയിൽ 1400 സ്ഥാപനങ്ങൾ ഇതിനകം ആരംഭിക്കുകയും ചെയ്തു. ഇപ്രകാരം 1347 ലക്ഷം രൂപയുടെ നിക്ഷേപവും 7000 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിൽ 514 യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും തൻമൂലം 1542 പേർക്ക് തൊഴിൽ ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ വ്യവസായ നയം പ്രഖ്യാപിച്ച ശേഷം 31/03/2009-വരെ 786 പുതിയ വ്യവസായ യൂണിറ്റുകൾ ജില്ലയിൽ ആരംഭിക്കുക വഴി 4545.45 ലക്ഷം രൂപയുടെ നിക്ഷേപവും 4944 പേർക്ക് പുതുതായി ജോലിയും ലഭിച്ചു. പി. എം. ആർ. പദ്ധതി

പ്രകാരം 3876 അഭ്യസ്ഥവിദ്യരായ തൊഴിൽ-രഹിതർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സാധിച്ചു. 33 പീഡിത വ്യവസായങ്ങളെ പുനരുദ്ധരിപ്പിച്ചു. പൂട്ടിക്കിടന്ന മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ തുറന്ന് പ്രവർത്തനം ആരംഭിച്ചു. ചെറുവണ്ണൂരിലെ സ്റ്റീൽ കോപ്ളക്സ് സ്റ്റീൽ അതോറിറ്റിയുമായി ചേർന്ന് വികസന പ്രവർത്തനങ്ങൾക്ക് തുടക്ക് കുറിച്ചു. കേരള സോപ്സ് & ഓയിൽസ് പുതുക്കിയ കമ്പനിയാക്കി തുറന്ന് പ്രവർത്തനം ആരംഭിക്കാൻ നടപടികൾ നടന്ന് വരുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള കിനാലൂർ എസ്റ്റേറ്റ് മലേഷ്യൻ സർക്കാരിന്റെ സി.ഐ.ഡി.ബി.-യും കെ.എസ്.ഐ.ഡി.സി.-യും സംയുക്തമായി ഹെൽത്ത് സിറ്റി, ഹെൽത്ത് അനുബന്ധ വ്യവസായങ്ങൾ എന്നിവയടങ്ങുന്ന പാക്കേജിന് (2371 കോടി രൂപ നിക്ഷേപം) രൂപം കൊടുത്തിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ 2008-2009 വർഷത്തിൽ 1455 യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഇൻഡസ്ട്രിയൽ എന്റർപ്രണേഴ്സ് മെമ്മോറാണ്ടം പാർട്ട്- I ഫയൽ ചെയ്യുകയുണ്ടായി. 816 എന്റർപ്രണേഴ്സ് മെമ്മോറാണ്ടം പാർട്ട്- II രജിസ്റ്റർ ചെയ്തു. ഇതു വഴി 135.77 കോടി രൂപയുടെ മുതൽ മുടക്കും 6366 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.

വ്യവസായ സംരംഭങ്ങൾ വികസപ്പിക്കുന്നതിന്റേയും പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റേയും ഭാഗമായി വ്യവസായ

സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ (Hand holding) ചെയ്ത് കൊടുത്തു വരുന്നു. പീഡിത വ്യവസായ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2008-09 വർഷത്തിൽ 35 യൂണിറ്റുകൾ പുനരുദ്ധരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ നിലവിലുള്ള വ്യവസായ നയത്തിന്റെ ഫലമായി പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ബീഡി, കയർ എന്നീ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള തൊഴിൽ പരിശീലനം നൽകിയതു വഴി ധാരാളം പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും വിപണനം മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. ക്ളസ്റ്ററടിസ്ഥാനത്തിൽ കൈത്തറി കൺസോർഷ്യങ്ങൾ രൂപീകരിച്ച് കേന്ദ്ര സർക്കാരിന്റേയും, സംസ്ഥാന സർക്കാരിന്റേയും സംയോജിത കൈത്തറി വികസന പദ്ധതികളിലൂടെ കൈത്തറി രംഗത്തെ പ്രോത്സാഹിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ചൊവ്വര സഹകരണ സ്പിന്നിംഗ് മില്ലിൽ ആധുനിക യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ഉൽപ്പാദനം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കെൽട്രോണിന്റെ യൂണിറ്റുകൾ വികസിപ്പിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്

കേരളത്തിന്റെ തനത് വിഭവങ്ങളുടേയും വ്യവസായ ഉൽപ്പന്നങ്ങളുടേയും വിപണന സാധ്യത വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആവിഷ്ക്കരിച്ച പുതിയ പദ്ധതിയാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ. ഇതുവഴി കേരളത്തെ ഒരു അന്താരാഷ്ട്ര ഷോപ്പിംഗ് കേന്ദ്രമാക്കുകയും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടി- ക്കുകയും പരമ്പരാഗത വ്യാപാര വ്യവസായ മേഖല വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണുള്ളത്.

മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നിക്ഷേപക സംഗമത്തിൽ 174 പേർ പങ്കെടുക്കുകയും 10 കോടി രൂപ ചെറുകിട വ്യവസായ മേഖലയിൽ നിക്ഷേപം നടത്തി സംരംഭങ്ങൾ തുടങ്ങുവാൻ സംരംഭകർ സന്നദ്ധത പ്രകടിപ്പിക്കുകയും ഇവയിൽ 4 സംരംഭങ്ങൾ 48 ലക്ഷം രൂപ മുതൽമുടക്കിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കെ.വി.ഐ.സി., വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പി.എം.ഇ.ജി.പി. മുഖേന വ്യവസായ സംരംഭങ്ങളും സേവനങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ വ്യവസായ നയവുമായി ബന്ധപ്പെട്ട് വിവിധ വ്യവസായ പാർക്കുകളിൽ അപ്പാരൽ, ഭക്ഷ്യ സംസ്ക്കര ണം, അനിമേഷൻ & ഗെയിമിംഗ്, ജെം & ജുവലറി, കയറ്റുമതിയധിഷ്ഠിത മേഖല

എന്നിവയിൽ നിരവധി വ്യവസായ സംരംഭകർ മുതൽമുടക്കുന്നതിന് തയ്യാറായി വന്നിട്ടുണ്ട്.

വ്യവസായ നയത്തിൽ വിഭാവനം ചെയ്യുന്ന ക്ളസ്റ്റർ വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി എതാണ്ട് 40-ൽ അധികം ക്ളസ്റ്ററുകൾ കണ്ടെത്തി. ഏകദേശം 31 കൺസോർഷ്യങ്ങൾ ഇതേവരെ രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞു. റോ മെറ്റീരിയൽ ബാങ്കുകൾ (RMB), കോമൺ ഫെസിലിറ്റി സെന്റർ (CFC), വിപണന പ്രവർത്തനം തുടങ്ങിയവ ആരംഭിക്കുന്നതിനായി നടപടികൾ നടന്നു വരുന്നു.

(ബി) സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) ടൂറിസം വകുപ്പുമായി ചേർന്നുള്ള ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ, വിപണന പ്രോത്സാഹന പദ്ധതി, ഇ.എം.ഡി. എക്സംപ്ഷൻ, സംസ്ഥാന നിക്ഷേപ സഹായധനം, ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി വ്യവസായ വാണിജ്യ പ്രദർശനങ്ങൾ കൂടാതെ കോഴിക്കോട് ജില്ലയിൽ നാദാപുരം വികസന പദ്ധതി, ബേപ്പൂർ വികസന മിഷൻ എന്നീ രണ്ട് വികസന പദ്ധതികൾക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ക്ളസ്റ്റർ വികസനത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തിനിതുവരെ 10 പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 3 പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള

7 പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള വിവിധ ഘട്ടത്തിലാണ്.

സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. മെഗാ ഫുഡ് പാർക്ക്, വയനാട്.
2. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.
3. മറൈൻ പാർക്ക്, ബേപ്പൂർ. കോഴിക്കോട്.
4. സ്പൈസസ് പാർക്ക്, ഇടുക്കി.
5. കേര പാർക്ക്, തൃശ്ശൂർ.
6. ഇലക്ട്രോണിക്സ് പാർക്ക്, മഞ്ചേശ്വരം.
7. റബ്ബർ പാർക്ക്, റാന്നി.

(സി) ബയോടെക്നോളജിയുടെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(സി) ബയോടെക്നോളജിയുടെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 533 — 16/07/2009-ൽ മറുപടിയ്ക്ക്

### പാലിയേറ്റീവ് പരിചരണ നയം

**ചോദ്യം**

ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എസ്. രാജേന്ദ്രൻ :

**മറുപടി**

ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

---

(എ) സർക്കാരിന്റെ പാലിയേറ്റീവ് പരിചരണ നയം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ പ്രകാരം ഡോക്ടർമാർക്കും നഴ്സുമാർക്കും സാമൂഹ്യ പ്രവർത്തകർക്കും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എ) സർക്കാരിന്റെ പാലിയേറ്റീവ് പരിചരണ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ കേരളം പാലിയേറ്റീവ് കെയർ പ്രോജക്ട് എൻ. ആർ. എച്ച്. എം വഴി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഡോക്ടർമാർ, നഴ്സുമാർ, അംഗൻവാടി പ്രവർത്തകർ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി വരുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'foundation course in Palliative care' സംഘടിപ്പിച്ച് 65 ഡോക്ടർമാർക്കും 140 നഴ്സുമാർക്കും പരിശീലനം നൽകി. കൂടാതെ ഡോക്ടർമാർക്കും നഴ്സുമാർക്കും ഉള്ള സർട്ടിഫിക്കറ്റ് കോഴ്സും, ആർ. സി. സി യിൽ തുടങ്ങിയിട്ടുണ്ട്. എൻ. ആർ. എച്ച്. എം ലെ 3 ഡോക്ടർമാർക്ക് ആർ. സി. സി.യിൽ പാലിയേറ്റീവ് പരിചരണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. അവർ ഇപ്പോൾ തിരുവനന്തപുരം

| | | | |
|---|---|---|---|
| | | | ജില്ലയിൽ ഗൃഹപരിചരണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻെറ കീഴിൽ പരിശീലനത്തിനായി കേരളത്തിൽ 10 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ; | (ബി) | തിരുവനന്തപുരം റീജിയണൽ കാൻസർ സെൻററിലും എറണാകുളം ജില്ലാ ആശുപത്രിയിലുമാണ് സർക്കാർ ഉടമസ്ഥതയിലുള്ള പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ആകെ 228 പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട് ഇതിൽ 94 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും 134 എണ്ണം സാമൂഹിക സംഘടനകളുടെ നേതൃത്വത്തിലും നടത്തുന്നവയാണ്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണം ലഭിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ദേശീയ ഗ്രാമീണാരോഗ്യ പദ്ധതി ഇക്കാര്യത്തിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിൻെറ കീഴിൽ പാലിയേറ്റീവ് കെയർ സംസ്ഥാനത്ത് ഉടനീളം നടപ്പിലാക്കുന്നതിൻെറ ഭാഗമായി ആരോഗ്യ കേരളം പാലിയേറ്റീവ് കെയർ പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി എല്ലാ ജില്ലകളിലും ഡോക്ടർ, കോ-ഓർഡിനേറ്റർ നഴ്സ് എന്നിവരടങ്ങിയ ഒരു ടീമിനേയും നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ, സാമൂഹ്യ പ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും നൽകി വരുന്നുണ്ട്. തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ വഴി പാലിയേറ്റീവ് കെയർ നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥരെ നൽകുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | എല്ലാ ജില്ലകളിലും സാന്ത്വനചികിത്സ ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | ആരോഗ്യ കേരളം പാലിയേറ്റീവ്കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലേയും കിടപ്പിലായ രോഗികൾക്ക് സാന്ത്വന ചികിത്സ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും, സർക്കാർ സ്ഥാപനങ്ങളിലൂടെയും നടപ്പിലാക്കി വരുന്നു. ഇത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 534 | 16.07.2009 ൽ മറുപടിക്ക് |
|---|---|

### നിർധന രോഗികൾക്കുള്ള ചികിത്സാ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ജെ.ജേക്കബ്;<br>ശ്രീ.പി.പി അബ്ദുള്ളക്കുട്ടി;<br>ശ്രീ.എം. ചന്ദ്രൻ;<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | നിർധന രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) & (ബി) | വാർഷികവരുമാനം 24000 രൂപയിൽ കവിയാത്ത നിർധനരായ രോഗികളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ"പ്രവർത്തിച്ചു വരുന്നു. ഈ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.<br><br>1) 24000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ചികിൽസാധനസഹായത്തിന് അപേക്ഷ നൽകാൻഅർഹതയുള്ളത്. നിർദ്ദിഷ്ടഅപേക്ഷയോടൊപ്പം ചികിൽസിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം , സ്ഥലംവില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയം ഭരണാധികാരിയുടെ സർട്ടിഫിക്കറ്റ് , എന്നിവയും ഹാജരാക്കേണ്ടതാണ്. ശസ്ത്രക്രിയ / ചികിത്സയ്ക്ക് മുമ്പോ അല്ലെങ്കിൽ അവ കഴിഞ്ഞ് 3മാസത്തിനുള്ളിലോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആരോഗ്യ വകുപ്പ് മന്ത്രി ചെയർ പേഴ്സണും, ആരോഗ്യവകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) മെമ്പർ സെക്രട്ടറിയുമായ 13 അംഗ ഗവേണിംഗ് ബോഡി യോഗമാണ് ധനസഹായംഅനുവദിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.<br>ഓരോ രോഗിയും ചികിൽസ നടത്തുന്ന ആശുപത്രിയുടെ മേലധികാരിയുടെ പേരിലാണ് ധനസഹായം അനുവദിക്കുന്നത്. ശസ്ത്രക്രിയ / ചികിൽസ കഴിഞ്ഞ രോഗികൾ ബന്ധപ്പെട്ട ആശുപത്രി രേഖകളും,<br>ബില്ലുകളും ഹാജരാക്കി അനുവദിച്ച തുകകൈപ്പറ്റേണ്ടതാണ്. ഒരു |
| (ബി) | ഏതെല്ലാം രോഗങ്ങൾക്കാണ് ചികിത്സാ സഹായം നൽകുന്നത്; | | |

രോഗിക്ക് ,അയാളുടെ ചികിത്സയ്ക്കായി എത്ര തുക ചിലവാകും എന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നുവോ ആ തുകയുടെ 75 % ആണ് ധനസഹായമായി അനുവദിക്കുന്നത്. അവ ഓരോ രോഗത്തിനും സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുകയിൽ കൂടുകയില്ല.

സൊസൈറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ശസ്ത്രക്രിയ / രോഗങ്ങളും പരമാവധി അനുവദിക്കുന്ന തുകയും താഴെ കൊടുക്കുന്നു.

(രൂപ)

| | | |
|---|---|---|
| 1 | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ | 20000 |
| 2 | വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ | 20000 |
| 3 | കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ | 20000 |
| 4 | തൊറാസിക് ശസ്ത്രക്രിയ | 20000 |
| 5 | മസ്തിഷ്ക ശസ്ത്രക്രിയ | 20000 |
| 6 | ആൻജിയോ പ്ലാസ്റ്റി | 10000 |
| 7 | ക്യാൻസർ | 10000 |
| 8 | ഡയാലിസിസ് | 10000 |
| 9 | ട്യൂമർ (ലംബർ തൊറാസിക്, വെർട്ടിബ്രൽ) | 10000 |
| 10 | അസ്ഥി സംബന്ധമായ ശസ്ത്രക്രിയ | 10000 |
| 11 | പേസ് മേക്കർ സ്ഥാപിക്കൽ | 10000 |

താഴെപ്പറയുന്ന ആശുപത്രികളിലെ ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം അനുവദിക്കുന്നത്.

1) ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം.
2) റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
3) ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം.
4) മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
5) മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
6) മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
7) മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ

| | | | |
|---|---|---|---|
| | | | 8) മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്<br>9) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം.<br>10) ഐ.എം.സി.എച്ച് ,കോഴിക്കോട്.<br>11) സഹകരണ മെഡിക്കൽ കോളേജ്,കൊച്ചി<br>12) ഇ.എം.എസ്.മെമ്മോറിയൽ ആശുപത്രി ,പെരിന്തൽമണ്ണ<br>13) മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി<br>14) സഹകരണ ഹൃദയാലയ , പരിയാരം.<br>ഈ സൊസൈറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയമാണ്.അപേക്ഷാ ഫാറം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും മേൽപറഞ്ഞ ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നതാണ്.<br>അപേക്ഷ അയക്കേണ്ട വിലാസം<br>മെമ്പർ സെക്രട്ടറി ,<br>സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ , ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം , തിരുവനന്തപുരം -37. |
| സി) | കഴിഞ്ഞ വർഷം എത്ര പേർക്ക് ധനസഹായം നൽകി; മാച്ചിംഗ് ഗ്രാന്റായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ലഭിച്ചിട്ടുണ്ടോ; | സി) | 2008-2009 വർഷത്തിൽ 3685 രോഗികൾക്കായി ആകെ 5,13,92,750/- (അഞ്ച് കോടി പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എഴുനൂറ്റി അൻപത്) രൂപ വിതരണം നടത്തി. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ രണ്ടുകോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. |
| ഡി) | ആകെ എത്ര ലക്ഷം രൂപ വിതരണം ചെയ്തു; | ഡി) | 3685 പേർക്ക് ആകെ 5,13,92,750/- (അഞ്ച് കോടി പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എഴുനൂറ്റി അൻപത്) രൂപ വിതരണം ചെയ്തു. |
| ഇ) | നിർധന രോഗികൾക്ക് ചികിൽസാ സഹായം നൽകുന്ന സൊസൈറ്റിക്ക് സർക്കാർ വിഹിതമായി ഈ വർഷം എത്ര ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്; കേന്ദ്ര സഹായമായി എത്ര ലക്ഷം രൂപ പ്രതീക്ഷിക്കുന്നു; | ഇ) | നടപ്പ് സാമ്പത്തിക വർഷത്തിൽ 1 കോടി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പറഞ്ഞ തുകയുടെ 50% ആണ് മാച്ചിംഗ് ഗ്രാന്റായി ലഭിക്കുന്നത്. പരമാവധി കേന്ദ്ര സഹായം രണ്ടുകോടി രൂപയാണ്. |
| എഫ്) | നിർധന രോഗികൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതിലെ കാല താമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | എഫ്) | നിലവിൽ കാലതാമസം ഇല്ല. കാലതാമസം വരാതിരിക്കാനുള്ള നടപടിയും സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 535 | 16..07..2009 - ൽ മറുപടിക്ക്

വ്യവസായ നയവും നിക്ഷേപത്തിനായി മുന്നോട്ടുവന്ന സ്ഥാപനങ്ങളും

ചോദ്യം

ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ബി. രാഘവൻ:
ശ്രീ. സാജു പോൾ:

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

(എ) സർക്കാരിന്റെ വ്യവസായ നയം നിലവിലുള്ള വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തുമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(എ) വിലയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ വ്യവസായ നയ പ്രകാരം വ്യവസായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

നിലവിലുള്ള വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 34558 പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുകയും 19418 യൂണിറ്റുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി 257665.24 ലക്ഷം രൂപ മുതൽമുടക്കുണ്ടാവുകയും 92254 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. നിലവിലുള്ള വ്യാവസായിക എസ്റ്റേറ്റിലെ രോഗഗ്രസ്ഥമായ യൂണിറ്റുകളും, പ്രവർത്തനം ..

നിർത്തുന്ന യൂണിറ്റുകളും പുതിയ സംരംഭകർക്ക് മാറ്റി നൽകുന്നുണ്ട്. അതു-പോലെ അനുവദിച്ചിട്ടും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന വ്യവസായ പ്ലോട്ടിലെ യൂണിറ്റുകൾ അടിസ്ഥാന സൗകര്യങ്ങൾ വീണ്ടെടുത്ത് മറ്റുള്ളവർക്ക് നൽകുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. വ്യാപാരവും വാണിജ്യവും വർദ്ധിപ്പിക്കുന്നതിന് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ടൂറിസം വകുപ്പുമായി യോജിച്ചു കൊണ്ട് സംഘടിപ്പിച്ചു വരുന്നു.

എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നിക്ഷേപസംഗമങ്ങൾ സംഘടിപ്പി-ക്കാറുണ്ട്. പൊതുമേഖലയിലെ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ തുറന്ന് പ്രവർത്തനം ആരംഭിച്ചു. സ്റ്റീൽ അതോറിറ്റി-യുമായി സഹകരിച്ച് ചെറുവണ്ണൂരിലെ സ്റ്റീൽ കോംപ്ളക്സിന്റെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. കോഴിക്കോട് സോപ്പ്സ് ആന്റ് ഓയിൽസ് പുതിയ കമ്പനിയായി പുനഃസംഘടിപ്പിച്ചു.

കണ്ണൂർ ജില്ലയിൽ പൊതുമേഖലാ സ്ഥാപ-നങ്ങളായ കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കാനും കെൽട്രോണിന്റെ യൂണിറ്റുകളെ വികസിപ്പിക്കാനുമുള്ള നടപടികൾ സ്വീകരച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ എം.എസ്.എം.ഇ. രജിസ്ട്രേഷൻ വ്യവസ്ഥകൾ ഉദാരമാക്കി-

യതിന്റെ വെളിച്ചത്തിൽ കൂടുതൽ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ/ സേവനങ്ങൾ ജില്ലാ വ്യവസായ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. കൂടാതെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെ-ടെയുള്ള സ്ഥാപനങ്ങളിൽ ക്വട്ടേഷൻ നൽകുന്ന അവസരങ്ങളിൽ ഇ.എം.ഡി. നൽകുന്നതിൽ ഇളവ് ഏർപ്പെടുത്തിയത് കൂടുതൽ ഗുണ-കരമായിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിനായി കാസർഗോഡ് ജില്ലയിൽ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡിന്റെ പുതിയ യൂണിറ്റിന് തറക്കല്ലിട്ടു. കൂടാതെ പാലക്കാട് ജില്ലയിൽ Saint Gobain എന്ന ഫ്രഞ്ച് സ്ഥാപനത്തിന്റെ റിഫ്രാക്ടറീസ് ബ്രിക്സ് ഉണ്ടാക്കുന്ന കഞ്ചിക്കോട് ഫാക്ടറിയിൽ നടത്തിയ വികസന പ്രവർത്ത-നങ്ങളിൽ ഉദ്ദേശം 50 കോടി രൂപ മുതൽ മുടക്കുകയും നൂറോളം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.

| | | |
|---|---|---|
| സംസ്ഥാനത്ത് വ്യവസായ നിക്ഷേപ-ത്തിനായി ഏതെല്ലാം പ്രമുഖ സ്ഥാപനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) | എറണാകുളം ജില്ലയിൽ അങ്കമാലി വികസന ഏര്യായിൽ കാനൂർ ഇൻഡസ്ട്രീയസ്റ്റ്സ്, വെർഡിൻ ടെലിമെറ്ററി, കിറ്റെക്സ് കിഴക്കമ്പലം, അർജ്ജുൻ നാച്ചുറൽ എക്സ്ട്രാക്റ്റ്സ്.<br>ഇടുക്കി ജില്ലയിൽ മെ. ശാന്തൻപാറ ഗ്രാനൈറ്റ്സ്, മെ. സൂര്യാ ബോൺമിൽ അന്യാർതുള, മെ. പാൽകോ ഫുഡ് പ്രോഡക്ട്സ്, അടിമാലി, മെ. റെയിൻബോ ക്ളാസിക് മിററസ്, ചോറ്റുപാറ. |

കോഴിക്കോട് ജില്ലയിൽ കെ.എസ്.ഐ.ഡി.സി. മലേഷ്യയിലെ സി.ഐ.ഡി.ബി. മുതലായവ.

കണ്ണൂർ ജില്ലയിൽ നടന്ന വ്യവസായ നിക്ഷേപ സംഗമത്തിന്റെ ഭാഗമായി വലിയ വെളിച്ചം വ്യവസായ വികസന കേന്ദ്രത്തിൽ മരിയൻ അപ്പാരൽ പാർക്ക് എന്ന വ്യവസായ സ്ഥാപനം നിലവിൽ വന്നിട്ടുണ്ട്.

കൂടാതെ ശോഭാ ഹൈ ടെക് സിറ്റി, കൊച്ചി. സലാൽപുരിയ, കൊച്ചി എന്നീ വൻകിട സംരംഭകർ നിക്ഷേപത്തിനായി മുന്നോട്ട് വന്നിട്ടുണ്ട്.

താഴെപ്പറയുന്ന വ്യവസായ പാർക്കുകളിൽ പ്രമുഖ സംരംഭകരും/സ്ഥാപനങ്ങളും മുതൽ മുടക്കുന്നതിന് ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

<u>സ്വകാര്യമേഖല</u>

- കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി - ജെം & ജ്വല്ലറി പാർക്ക് - M/s. Aerens Gold Souk International Ltd. New Delhi.
- ഇലക്ട്രോണിക്സ് പ്രത്യേക സാമ്പത്തിക മേഖല - M/s. SFO Technologies Ltd., Kochi.
- അനിമേഷൻ &ഗെയിമിംഗ് പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക് - M/s. Toonz Animation Pvt. Ltd.
- കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് - M/s. Texport Industries Pvt. Ltd.
- കിൻഫ്ര വ്യവസായ പാർക്ക്, തലശ്ശേരി - M/s. BPL Telecom Pvt. Ltd.
- കിൻഫ്ര വ്യവസായ പാർക്ക്, കൊരട്ടി - M/s. Dutch Tech Engineering Pvt. Ltd.
- ഭക്ഷ്യ സംസ്ക്കരണ പാർക്ക്, കാക്കഞ്ചേരി - M/s. Essen Foodies Pvt. Ltd.
- കിൻഫ്ര നിയോസ്പേസ്, കാക്കഞ്ചേരി - M/s. Menon Outsourcing

<u>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ</u>

- കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്ക്, സീതാംഗോലി, കാസർഗോഡ്. - കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള

ഹിന്ദുസ്ഥാൻ എയിറോനോട്ടിക്സ് ലിമി റ്റഡ് (HAL)

➤ കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, കൊച്ചി - കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL).

➤ കിൻഫ്ര ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, കാഞ്ചിക്കോട്, പാലക്കാട് - കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (BEML).

(സി) മരട് ഗ്രാമപഞ്ചായത്തിലെ ശോഭാ ഡെവലപ്പേഴ്സിന്റെ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അതിന്റെ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ശോഭാ ഡെവലപ്പേഴ്സിന്റെ പദ്ധതി തുടങ്ങാൻ വളന്തക്കാട് ദ്വീപിലാണ് ഉദ്ദേശിക്കുന്നത്. ഈ പ്രദേശം തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. അതിനാൽ പദ്ധതിക്ക് ആവശ്യമായ അനുവാദങ്ങൾ കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്നതിനു വേണ്ട പ്രൊപ്പോസലുകൾ ശോഭാ ഡെവലപ്പേഴ്സ് സർക്കാരിലേയ്ക്ക് നേരിട്ട് സമർപ്പിച്ചിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഡി) കോഴിക്കോട് കിനാലൂരിൽ മലേഷ്യൻ കമ്പനിയുമായി ചേർന്ന് തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ?

(ഡി) കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള കിനാലൂരിൽ എസ്റ്റേറ്റ് മലേഷ്യൻ സർക്കാരിന്റെ സി.ഐ.ഡി.ബി.-യും കെ.എസ്.ഐ.ഡി.സി.-യും സംയുക്തമായി ഹെൽത്ത് സിറ്റി, ഹെൽത്ത് അനുബന്ധ വ്യവസായങ്ങൾ എന്നിവയടങ്ങുന്ന പാക്കേജിന് രൂപം കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **536** 16.7.2009 -ൽ മറുപടിയ്ക്ക്

## കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. കുഞ്ഞിരാമൻ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. കെ.ടി. ജലീൽ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ പ്രവർത്തനം വിശദമാക്കുമോ ; | കേന്ദ്ര നിയമങ്ങൾ മലയാള ഭാഷയിലേയ്ക്ക് തർജ്ജിമ ചെയ്തു പ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയാണ് കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് കേന്ദ്ര നിയമങ്ങളുടെ പരിഭാഷ തയ്യാറാക്കുന്നത്. സാധാരണക്കാരിൽ നിയമാവബോധം സൃഷ്ടിക്കുക, കോടതി ഭാഷ മലയാളമാക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കമ്മീഷൻ തയ്യാറാക്കുന്ന പരിഭാഷ, 1973 ലെ ആധികാരിക പാഠങ്ങൾ ആക്റ്റ് (കേന്ദ്ര ആക്റ്റ്) പ്രകാരം രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച ശേഷം, ഭാരത |

| | |
|---|---|
| | സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു. തുടർന്ന് ഇത് കമ്മീഷൻ തന്നെ പുസ്തക രൂപത്തിലാക്കി അച്ചടിച്ച് വിൽപ്പന നടത്തുന്നു. |
| (ബി) കമ്മീഷൻ ഇതിനകം എത്ര കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ; | 225 എണ്ണം |
| (സി) ഇപ്പോൾ എത്ര കേന്ദ്ര നിയമങ്ങളുടെ പരിഭാഷയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | 39 എണ്ണം |
| (ഡി) സംസ്ഥാനത്ത് ഇംഗ്ലീഷ് ഭാഷയിൽ പാസ്സാക്കിയിട്ടുള്ള എല്ലാ നിയമങ്ങളുടേയും മലയാള പരിഭാഷ ലഭ്യമാണോ ; | 1959 മുതൽ സംസ്ഥാനത്ത് ഇംഗ്ലീഷ് ഭാഷയിൽ പാസ്സാക്കിയിട്ടുള്ള എല്ലാ നിയമങ്ങളുടെയും മലയാള പരിഭാഷ ലഭ്യമാണ്. |
| (ഇ) ഇല്ലെങ്കിൽ ഈ നിയമങ്ങളുടെ പരിഭാഷ കൂടി നടത്തുന്നതിന് കമ്മീഷനെ ചുമതലപ്പെടുത്തുമോ ? | ഇംഗ്ലീഷ് ഭാഷയിലുള്ള സംസ്ഥാന നിയമങ്ങളുടെ പരിഭാഷ കമ്മീഷന്റെ ചുമതലയല്ല. അത് നിയമ (പരിഭാഷ) വിഭാഗത്തിലാണ് ചെയ്യുന്നത്. |

ഉത്തരവിൻ പ്രകാരം,

K S [signature]

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 537 — 16.07.2009-ൽ മറുപടിക്ക്

## അരുവിക്കര ഡാമിന്റെ സ്റ്റോറേജ് കപ്പാസിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. കാർത്തികേയൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അരുവിക്കര ഡാമിന്റെ സ്റ്റോറേജ് കപ്പാസിറ്റിയിൽ എത്ര കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) അരുവിക്കര ഡാമിന്റെ സ്റ്റോറേജ് കപ്പാസിറ്റി സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ മാത്രമേ ഡാമിന്റെ കപ്പാസിറ്റിയിൽ എത്ര കുറവുണ്ടായിട്ടുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. |
| (ബി) അതുമൂലം സപ്ലൈ ചെയ്യുന്ന വെള്ളത്തിൽ എത്ര കുറവ് വന്നിട്ടുണ്ട്; | (ബി) സപ്ലൈ ചെയ്യുന്ന വെള്ളത്തിൽ കുറവ് വന്നിട്ടില്ല. |
| (സി) അരുവിക്കര ഡാമിന്റെ സ്റ്റോറേജ് കപ്പാസിറ്റി കുറയുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (സി) ഡാമിൽ ചെളിയും മാലിന്യങ്ങളും അടിഞ്ഞു കൂടിയതാണ് കപ്പാസിറ്റി കുറയുവാനുള്ള പ്രധാന കാരണം. |
| (ഡി) അതിന്റെ സ്റ്റോറേജ് കപ്പാസിറ്റി പഴയ പടിയാക്കുവാൻ എന്തെല്ലാം നടപടിയെടുക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ? | (ഡി) പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതമായ രീതിയിൽ മാലിന്യങ്ങളും, അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മാറ്റി ഡാമിന്റെ കപ്പാസിറ്റി നിലനിർത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 538. 16-07-2009-ൽ മറുപടിയ്ക്ക്

കായിക സർവ്വകലാശാല തുടങ്ങുന്ന കാര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്:<br>ശ്രീ.യു.സി.രാമൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ കായിക സർവ്വകലാശാല തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) യും (ബി) യും (സി)യും (ഡി)യും |
| (ബി) എങ്കിൽ ഇതിനു വേണ്ടി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;<br>(സി) ഇതിനായി എന്ത് തുക മാറ്റിവെച്ചു എന്ന് വെളിപ്പെടുത്തുമോ;<br>(ഡി) ഇതിനു വേണ്ടി മറ്റെന്തൊക്കെ പ്രവർത്തനങ്ങൾ നടന്നു എന്ന് വിശദമാക്കുമോ ? | സംസ്ഥാനത്തെ കായിക രംഗത്തിന്റെ സമഗ്രമായ വികസനത്തിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയമിച്ച സ്പോർട്സ് കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിൽ കായിക സർവ്വകലാശാല ആരംഭിക്കേണ്ടതു സംബന്ധിച്ചു ശുപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 539. 16-07-2009-ൽ മറുപടിയ്ക്ക്

കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.പി.മോഹനൻ:<br>ശ്രീ.എം.കെ.പ്രേംനാഥ്:<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| സംസ്ഥാനത്ത് കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ; | സംസ്ഥാനത്ത് കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കായിക യുവജനകാര്യാലയം വഴി 15,85,08,439/- രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 1,48,91,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | (ബി) |
| കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പരിഗണനയിലുള്ള പ്രധാന പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ ? | കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലുണ്ട്.<br>1. ജില്ലാ സ്പോർട്സ് കോംപ്ലക്സ് ആൻഡ് ഫുട്ബോൾ അക്കാദമി, മലപ്പുറം.<br>2. ജില്ലാ സ്റ്റേഡിയം, വയനാട്.<br>3. ഫുട്ബോൾ സ്റ്റേഡിയം കോട്ടപ്പടി മൈതാനം, മലപ്പുറം.<br>4. ഇൻഡോർ സ്റ്റേഡിയം, കോട്ടയം.<br>5. ഇൻഡോർ സ്റ്റേഡിയം, പാലക്കാട്.<br>6. ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ.<br>7. സ്പോർട്സ് കോംപ്ലക്സ്, കണ്ണൂർ.<br>8. ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.<br>9. ഐ.ആർ.സി. ശംഖുമുഖം നവീകരണം.<br>10. കോതമംഗലം സ്പോർട്സ് കോംപ്ലക്സ്.<br>11. പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ അഭിയാൻ പദ്ധതി. |

കൂടാതെ പഞ്ചായത്തുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നിലവിലുള്ള കളി സ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്കു വിധേയമായി സാമ്പത്തിക സഹായം വർഷംതോറും നൽകി വരുന്നുണ്ട്.

കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കളരിപ്പയറ്റ് കേന്ദ്രങ്ങൾക്ക് വർഷംതോറും പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു. ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് കായിക വികസനത്തിനായി വർഷംതോറും ധനസഹായം നൽകി വരുന്നുണ്ട്.

അംഗീകൃത സ്പോർട്സ് അസോസിയേഷനുകൾക്ക് സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിനും അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക് ധനസഹായം നൽകുന്നതിനും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുമുള്ള പദ്ധതികൾ നിലവിലുണ്ട്.

കൂടാതെ കോതമംഗലത്ത് സെന്റ് ജോർജ്ജ് മാർബേസിൽ സ്കൂൾ കുട്ടികളുടെ പരിശീലനത്തിന് സ്റ്റേഡിയം നിർമ്മിക്കുന്നതിന് 1 കോടി രൂപയും കണ്ണൂർ സ്പോർട്സ് ഹോസ്റ്റലിന് പുതിയ കെട്ടിടത്തിനും ട്രാക്കിനും വേണ്ടി 1 കോടി രൂപയും ആലപ്പുഴ സ്റ്റേഡിയത്തിന് 1 കോടി രൂപയും ആലപ്പുഴ നെഹ്റു ട്രോഫി സ്ഥിരം പവലിയന് 2 കോടി രൂപയും മലപ്പുറം ഫുട്ബോൾ അക്കാദമിക്ക് 1 കോടി രൂപയും ആലപ്പുഴ റോവിംഗ് ക്ലബ്ബിന്റെ ബോട്ട് ഹൗസ് നിർമ്മാണത്തിന് 25 ലക്ഷം രൂപയും 2009-10 വർഷത്തെ ബഡ്ജറ്റിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിനു പുറമെ 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി സംസ്ഥാനത്തെ വിവിധ കായിക കേന്ദ്രങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 540 | 16.7.2009-ൽ മറുപടിക്ക് |
|---|---|

### പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. പി.ടി.എ. റഹീം: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ ; | എ &ബി ) പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറിയിൽ ഹോർമോൺ ടെസ്റ്റുകളായ തൈറോയിഡ് ഫങ്ഷൻ ടെസ്റ്റ്, എൽ.എച്ച്, എഫ്.എസ്.എച്ച് , പ്രൊലാക്ടിൻ, പി.എസ്.എ എന്നീ ടെസ്റ്റുകളും ഡയബറ്റിക്സ് രോഗികൾക്കായി എച്ച്. ബി, എ1.സി എന്നീ ടെസ്റ്റുകളും പുതുതായി തുടങ്ങിയിട്ടുണ്ട്. ഹെമറ്റോളജി ഓട്ടോ അനലൈസർ, ബയോ കെമിസ്ട്രി സെമി അനലൈസർ, എലൈസ റീഡർ, ഗാമ കൗണ്ടർ മുതലായ ആധുനിക ലബോറട്ടറി മെഷീനുകളും ആവശ്യമായ കിറ്റുകളും റീയേജന്റുകളും ലഭ്യമാക്കിയിട്ടുണ്ട്. ഓട്ടോമാറ്റിക് ബയോ കെമിസ്ട്രി അനലൈസർ പുതുതായി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയ ഗ്രാമീണ |
| ബി) ലബോറട്ടറിയുടെ നവീകരണത്തിനും അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ ; | |

| | |
|---|---|
| | ആരോഗ്യ ദൗത്യത്തിനു സമർപ്പിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ കീഴിൽ ലാബ് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രധാനപ്പെട്ട സെക്ഷനുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.<br>ലബോറട്ടറിയിൽ വരുന്ന രോഗികൾക്കു വേണ്ടി വെയിറ്റിംഗ് റൂം നിർമ്മിക്കുന്നതിനും എല്ലാ സെക്ഷനുകളിലേക്കും സൈൻ ബോർഡ് സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| സി) എറണാകുളത്തും കോഴിക്കോട്ടുമുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ : | സി) നടപടികൾ സ്വീകരിച്ചു വരുന്നു |
| ഡി) കണ്ണൂരിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ? | ഡി) കണ്ണൂരിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി കെട്ടിട നിർമ്മാണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആവശ്യമായ സ്റ്റാഫ് , ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ